# പീപ്പിൾസ് റിവ്യൂ

Estd : 2007

2026 ഏപ്രിൽ 20 തിങ്കൾ

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ | ലക്കം 67 പുസ്തകം 19




## ജമ്മു കശ്മീരിൽ ബസ് കൊക്കയിലേക്ക് മറിഞ്ഞ് 15 മരണം

ജമ്മു: ജമ്മു കശ്മീരിലെ ഉധംപൂർ ജില്ലയിൽ ബസ് കൊക്കയിലേക്ക് മറിഞ്ഞ് 15 പേർ മരിച്ചു. നിരവധിപേർക്ക് പരിക്കേറ്റിട്ടുണ്ട്. ഇവരിൽ പലരുടെയും നില അതീവഗുരുതരമാണ്. രാവിലെ 10 മണിയോടെ രാംനഗർ മേഖലയിലെ കഗോർട്ട് ഗ്രാമത്തിന് സമീപമുള്ള കുത്തനെയുള്ള ഇറക്കത്തിലാണ് അപകടമുണ്ടായത്.ഉധംപൂരിലേക്ക് വരികയായിരുന്ന ബസാണ് അപകടത്തിൽപ്പെട്ടത്. വളവ് തിരിയുന്നതിനിടെ നിയന്ത്രണം നഷ്ടപ്പെട്ട ബസ് കുന്നിൻമുകളിൽ നിന്ന് താഴേക്ക് മറിയുകയായിരുന്നു. ആദ്യഘട്ടത്തിൽ പ്രദേശവാസികളാണ് രക്ഷാപ്രവർത്തനം നടത്തിയത്. പൊലീസിന്റെയും നാട്ടുകാരുടെയും നേതൃത്വത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്.

പരിക്കേറ്റവരെ സമീപത്തെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. പരിക്കേറ്റവർക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കാൻ ജില്ലാ ഭരണകൂടം നിർദേശം നൽകിയിട്ടുണ്ട്. ദുർഘടമായ പാതയും മോശം കാലാവസ്ഥയും രക്ഷാപ്രവർത്തനത്തിന് തടസം സൃഷ്ടിക്കുന്നതാണ് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

## ലൈംഗികാതിക്രമ കേസ് വീണ ജോർജിനെ കരിങ്കൊടി കാണിച്ചതിന് പിന്നാലെയുള്ള വേട്ടയാടൽ; കെഎസ്‌യു ജില്ലാ അധ്യക്ഷൻ



കണ്ണൂർ: ലൈംഗിക അതിക്രമ കേസ് വീണ ജോർജിനെ കരിങ്കൊടി കാണിച്ചതിനു പിന്നാലെയുള്ള വേട്ടയാടലെന്ന് കെ എസ് യു കണ്ണൂർ ജില്ലാ അധ്യക്ഷൻ എം സി അതുൽ. ഫെയ്സ്ബുക്ക് പോസ്റ്റിലൂടെയാണ് പ്രതികരണം. സൗഹൃദം ഉണ്ടായിരുന്ന സമയത്തെ കാര്യങ്ങൾ തെറ്റായി വ്യാഖ്യാനിച്ചെന്നും ആരെയും അപമാനിക്കുകയോ വഞ്ചിക്കുകയോ ചെയ്തിട്ടില്ലെന്നും അതുൽ ഫെയ്സ്ബുക്ക് കുറിപ്പിൽ പറഞ്ഞു. സാമ്പത്തിക വിവരങ്ങൾ കോടതിയിൽ ഹാജരാക്കുമെന്നും അതുൽ വ്യക്തമാക്കി.

വീണ ജോർജിനെ കരിങ്കൊടി കാണിച്ചതിന് ശേഷം മുതൽ പലവിധത്തിൽ ഭീഷണികളും വേട്ടയാടലുകളും നേരിടുകയാണ്. നിന്നെ ഫിനിഷ് ചെയ്യും' എന്നാണ് അടക്കം പറിച്ചിൽ. എല്ലാ നെറികെട്ട കളിയും പ്രതീക്ഷിച്ചു തന്നെയാണ് മുന്നോട്ടുപോയത്. പക്ഷേ ഇത് അൽപ്പം കടന്ന കയ്യായിപ്പോയി. ഒരാളെ ചീറ്റ് ചെയ്യണം എന്നുള്ള ഉദ്ദേശത്തിലോ സ്ത്രീകളെ അപമാനിക്കണമെന്നുള്ള ഉദ്ദേശത്തിലോ ഒരു കാലഘട്ടത്തിലും മുന്നോട്ടു പോയിട്ടില്ല. വിവിധ ക്യാംപസുകളിൽ സംഘടനാ പ്രവർത്തനം നടത്തി പല വിദ്യാർഥികളുമായും ഇടപഴകി മുന്നോട്ട് പോയ ഒരാളെന്ന നിലയിൽ അവർക്കൊക്കെ എന്റെ രാഷ്ട്രീയത്തെപ്പറ്റി അറിയാം എന്നാണ് കരുതുന്നത്.

സൗഹൃദവും പ്രണയവും ഉണ്ടായിരുന്ന സമയത്ത് പരസ്പരം ചെയ്ത സഹായങ്ങളും ഇടപെടലുകളും മറ്റ് രീതിയിൽ വ്യാഖ്യാനിച്ച് മുന്നോട്ട് പോകുന്നത് ശരിയാണോ എന്നത് കാലം തെളിയിക്കും. ഒരുപാട് ജീവിത പ്രാരാബ്ദങ്ങൾക്കിടയിൽ നിന്നും കടം മേടിച്ചും തിരിച്ചു കൊടുത്തും പല സുഹൃത്തുക്കളുടെ സഹായം കൊണ്ടുമൊക്കെ പൊതുപ്രവർത്തനം നടത്തി മുന്നോട്ട് പോകുന്ന സാധാരണക്കാരനാണ് ഞാനും. ഇപ്പോഴും കടവും ലോണുകളുമല്ലാതെ വ്യക്തിപരമായി ഈ പൊതുപ്രവർത്തനം കൊണ്ട് ഒന്നും സമ്പാദിച്ചിട്ടില്ല.

വേദനകളും യാതനകളും പ്രതിസന്ധികളും അനവധി ഉണ്ടായിട്ടുണ്ടെങ്കിലും ഈ പൊളിറ്റിക്സിൽ നിലനിൽക്കാൻ പ്രേരിപ്പിക്കുന്നത് ഇതിനോടുള്ള പാഷനും കോൺഗ്രസിന്റെ ലെഗസിയുമാണ്. കോടതിയുടെ മുന്നിലിരിക്കുന്ന ഒരു കേസിന്റെ കൂടുതൽ വിശദാംശങ്ങളിലേക്ക് പബ്ലിക് ഡൊമെയിനിൽ തൽക്കാലം ചർച്ചയാക്കാൻ ഉദ്ദേശിക്കുന്നില്ല.

(കേസിനെ ബാധിക്കുന്നത് കൊണ്ട്). ബാങ്ക് സ്റ്റേറ്റ്മെന്റുകളും മറ്റ് വിവരങ്ങളുമൊക്കെ കോടതിക്ക് മുമ്പാകെ ഹാജരാക്കും. കോടതി നീതി ഉറപ്പാക്കട്ടെ. കുറ്റപ്പെടുത്തലുകളും ആക്ഷേപങ്ങളും തുടരുന്നവരുടെ ഉദ്ദേശം മറ്റൊന്നാണല്ലോ. അവർക്ക് വിശദീകരണങ്ങളും പോരാതെ വരും.

## തൃശൂർ പൂരത്തിന് കൊടിയേറി

തൃശൂർ: തൃശൂരിൽ ഇനി പൂരക്കാലം. തിരുവമ്പാടിയിലും പാറമേക്കാവിലും എട്ട് ഘടകക്ഷേത്രങ്ങളിലും പൂരത്തിന് കൊടിയേറി. ദേശക്കാരുടെ ആരവങ്ങൾക്കിടയിലാണ് കൊടിയേറ്റം നടന്നത്. ഞായറാഴ്ചയാണ് തൃശൂർ പൂരം

രാവിലെ 11 മണിക്കാണ് തിരുവമ്പാടി ക്ഷേത്രത്തിൽ കൊടിയേറ്റ് നടന്നത്. ഭൂമിപൂജയ്ക്കുശേഷം ശ്രീകോവിലിൽ പൂജിച്ച കൊടിക്കൂറ കൊടിമരത്തിൽ കെട്ടി ദേശക്കാർ കൊടി ഉയർത്തി. ക്ഷേത്രത്തിൽ നിന്നുള്ള പൂരപ്പുറപ്പാടിൽ തിരുവമ്പാടി ചന്ദ്രശേഖരനാണ് തിടമ്പേറ്റുന്നത്.

വലിയ പാണിക്കുശേഷം പുറത്തേക്ക് എഴുന്നള്ളിയ ഭഗവതിയെ സാക്ഷി നിർത്തിയാണ് പാറമേക്കാവിൽ കൊടിയേറ്റ് നടന്നത്. മാവിലകൊണ്ട് അലങ്കരിച്ച കൊടിമരത്തിൽ സിംഹമുദ്രയുള്ള കൊടിക്കുറ ദേശക്കാർ ഉയർത്തി. തുടർന്ന് പാല മരത്തിലും മണികണ്ഠൻ ആലിലും കൊടി ഉയർന്നു.


തിരുവമ്പാടിയുടെയും പാറമേക്കാവിൻറെയും എഴുന്നള്ളിപ്പ് കാണാൻ നൂറുകണക്കിന് ആളുകളാണ് എത്തിയത്. ഘടക ക്ഷേത്രങ്ങളിലും പൂരത്തിന്റെ കൊടിയേറ്റ് നടന്നു

## അമരാവതി ലൈംഗിക പീഡനക്കേസിലെ പ്രതിയുടെ ആഡംബര ജീവിതം അന്വേഷണ നിഴലിൽ

മുംബൈ: മഹാരാഷ്ട്രയിലെ പരത്വാഡയിലെ ലൈംഗിക ചൂഷണ കേസിൽ ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്ത് വരുന്നത്. കേസിലെ മുഖ്യപ്രതിയായ അയാൻ അഹമ്മദിന്റെ വഴിവിട്ട ജീവിതത്തെക്കുറിച്ചും ആഡംബര ജീവിതത്തെക്കുറിച്ചുമുള്ള വിവരങ്ങളാണ് പൊലീസ് ഇപ്പോൾ അന്വേഷിക്കുന്നത്. പ്രതിക്ക് വെളിപ്പെടുത്താനാവത്ത്ര സ്വത്തുക്കൾ ഉണ്ടെന്നാണ് വിവരം. ആഡംബര കാറുകളും വൻതോതിലുള്ള പണവും വിലകൂടിയ ഗാഡ്ജെറ്റുകളും പ്രദർശിപ്പിക്കുന്ന വിഡിയോകൾ സോഷ്യൽ മീഡിയയിൽ പ്രചരിച്ചിരുന്നു.

ഏകദേശം ഇരുനൂറോളം പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുകയും അവരുടെ അശ്ലീല വീഡിയോകൾ പ്രചരിപ്പിക്കുകയും ചെയ്ത കേസിലാണ് 19-കാരനായ അയാൻ അഹമ്മദ് അന്വേഷണം നേരിടുന്നത്. ഈ ദൃശ്യങ്ങൾ ഇയാളുടെ സാമ്പത്തിക സ്രോതസുകൾ എന്താണെന്നുള്ള അന്വേഷണത്തിലേയ്ക്കാണ് വഴിതിരിക്കുന്നത്. സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന വിഡിയോകളിലും റീലുകളിലും പ്രതി വിലകൂടിയ ആഡംബര വാഹനങ്ങൾ ഓടിക്കുന്നതായും തോക്കിന് സമാനമായ ഒന്ന് കൈവശം വെച്ചിരിക്കുന്നതായും കാണാം. ഐഫോണുകൾ ഉൾപ്പെടെയുള്ള ഒന്നിലധികം വിലകൂടിയ സ്മാർട്ട്ഫോണുകൾ പ്രദർശിപ്പിക്കുന്നതിനൊപ്പം, പണക്കെട്ടുകൾ വീശിക്കാണിക്കുന്ന ദൃശ്യങ്ങളും പുറത്തുവന്ന ക്ലിപ്പുകളിലുണ്ട്.

സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന വീഡിയോകളിലും റീലുകളിലും, പ്രതി വിലകൂടിയ ആഡംബര വാഹനങ്ങൾ ഓടിക്കുന്നുണ്ട്. ഐഫോണുകൾ ഉൾപ്പെടെയുള്ള ഒന്നിലധികം വിലകൂടിയ സ്മാർട്ട്ഫോണുകൾ കയ്യിലുള്ളതായി കാണുന്നു. പണക്കെട്ടുകൾ വീശിക്കാണിക്കുന്ന ദൃശ്യങ്ങളും ക്ലിപ്പുകളിലുണ്ട്. അയാൻ അഹമ്മദ്



എങ്ങനെയാണ് ഇത്തരം ആഡംബരമായ ജീവിതശൈലി നയിക്കാനുള്ള പണം കണ്ടെത്തിയതെന്നും നിയമവിരുദ്ധമായ പ്രവർത്തനങ്ങളിലൂടെയാണോ പണം ലഭിച്ചതെന്നുമുള്ള അന്വേഷണത്തിലാണ് പൊലീസ്. സോഷ്യൽ മീഡിയയിലൂടെ താനൊരു അപകടകാരിയാണെന്ന് വരുത്തിത്തീർക്കാനും പ്രതി ശ്രമിച്ചിരുന്നു. പ്രതിയുടെ സുഹൃത്ത് വലയത്തെക്കുറിച്ചും അന്വേഷിച്ച് വരികയാണ്. ഇയാൾ ഥാർ ഉപയോഗിച്ചിരുന്നതായും ഈ വാഹനത്തിന്റെ ഉടമസ്ഥാവകാശവും പരിശോധിക്കുന്നുണ്ട്. പുറത്ത് വന്ന വിഡിയോയിൽ കയ്യിൽ കാണുന്ന തോക്കിന് ലൈസൻസുള്ളതാണോ എന്നതും പരിശോധിക്കേണ്ടതുണ്ട്.

അമരാവതിയിലെ കട്ടോറനാക്ക പ്രദേശത്തെ ഒരു ഫ്ലാറ്റിലാണ് കുറ്റകൃത്യം നടന്നായി പറയുന്നത്. ഒരു റെസിഡൻഷ്യൽ കെട്ടിടത്തിന്റെ മൂന്നാം നിലയിലുള്ള ഈ അപ്പാർട്ട്മെന്റ് അശ്ലീല ദൃശ്യങ്ങൾ ചിത്രീകരിക്കാനും പ്രചരിപ്പിക്കാനും ഉപയോഗിച്ചതായാണ് ആരോപണം. അയൽവാസികൾ ഈ ഫ്ളാറ്റിനെ 'അനാശാസ്യ കേന്ദ്രം' എന്നാണ് വിളിക്കുന്നത്. അർദ്ധരാത്രിയിൽ തിരിച്ചറിയാൻ കഴിയാത്ത വിധം മുഖം മറച്ച യുവതീ യുവാക്കൾ ഈ അപ്പാർട്ട്മെന്റിൽ സ്ഥിരമായി എത്തിയിരുന്നുവെന്നാണ് നാട്ടുകാർ പറയുന്നത്.

## വാൽപ്പാറ അപകടത്തിൽ മോട്ടോർ വാഹന വകുപ്പിന്റെ അന്വേഷണ റിപ്പോർട്ട്

വാൽപ്പാറ വിനോദയാത്ര ദുരന്തത്തിൽ ഡ്രൈവറുടെ പരിചയക്കുറവ് അപകടത്തിന് കാരണമായിട്ടുണ്ടാകാമെന്ന് മോട്ടോർ വാഹന വകുപ്പിൻറെ പ്രാഥമിക റിപ്പോർട്ട്. ഒൻപത് പേർ മരിച്ച അപകടത്തിൽ പരിക്കേറ്റ നാലുപേർ ചികിത്സയിൽ തുടരുകയാണ്, ഇതിൽ രണ്ടുപേരുടെ നില ഗുരുതരമാണ്.

പൊള്ളാച്ചി: വാൽപ്പാറ അപകടത്തിൽ ഡ്രൈവറുടെ പരിചയക്കുറവ് അപകടത്തിന് കാരണമായിട്ടുണ്ടാകാമെന്ന് മോട്ടോർ വാഹന വകുപ്പിൻറെ അന്വേഷണ റിപ്പോർട്ട് ഇറക്കത്തിൽ ഗിയർ ഡൗൺ ചെയ്യാതെ ഇറങ്ങിയതും അപകടത്തിനു കാരണമായിട്ടുണ്ടാവാം. വളവിൽ വേണ്ട ജാഗ്രത പുലർത്തിയിട്ടുണ്ടാവില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. വാഹനത്തിന് സാങ്കേതിക പ്രശ്നങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ചുരം റോഡിൻറെ വശങ്ങളിൽ എല്ലായിടത്തും സുരക്ഷ ബാരിക്കേഡ് സ്ഥാപിക്കണമെന്നും റിപ്പോർട്ടിൽ നിർദേശമുണ്ട്.

ആശുപത്രിയിൽ ആയതിനാൽ ഡ്രൈവറുടെ മൊഴി എടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ മൊഴി കൂടി എടുതാലേ കൂടുതൽ വ്യക്തത വരുമെന്നും ഉദ്യോഗസ്ഥർ വ്യക്തമാക്കി. അപകടം സംബന്ധിച്ച റിപ്പോർട്ട് പൊള്ളാച്ചി ആർടിഒ തമിഴ്നാട് സർക്കാരിന് കൈമാറി. വാൽപ്പാറ അപകടത്തിൽ പരിക്കേറ്റ നാലുപേരും ചികിത്സയിൽ തുടരുകയാണ്. കോയമ്പത്തൂർ മെഡിക്കൽ കോളേജിൽ ചികിത്സയിലുള്ള നൗഷാദ് അലി, മുഹമ്മദ് ഫായിസ് എന്നിവരുടെ ആരോഗ്യനില ഗുരുതരമായി തുടരുകയാണ്. ഇരുവരും നിരീക്ഷണത്തിലാണെന്നും തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സ തുടരുകയാണെന്നുമാണ് അധികൃതർ അറിയിക്കുന്നത്.

കോയമ്പത്തൂർ മെഡിക്കൽ കോളേജിൽ തന്നെ ചികിത്സയിലുള്ള സഹദിൻ മുഹമ്മദിനെ വാർഡിലേക്ക് മാറ്റി. അതേസമയം, പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലുള്ള മസ്നിനെ വാർഡിലേക്ക് മാറ്റി. മസ്നിൻറെ ആരോഗ്യനില തൃപ്തികരമാണെന്ന് ഡോക്ടർമാർ അറിയിച്ചു. മലപ്പുറം പാങ്ങ് പള്ളിപ്പറമ്പ് ഗവണ്മെൻറ് എൽപി സ്കൂളിൽ നിന്നുള്ള വിനോദയാത്രാ സംഘം സഞ്ചരിച്ച വാൻ വെള്ളിയാഴ്ച വൈകുന്നേരം 5.20ന് ആണ് വാൽപ്പാറ ചുരം റോഡിൽ 300 അടി താഴ്ചയിലേക്ക് മറിഞ്ഞത്. കാഴ്ചകൾ എല്ലാം കണ്ട് നാട്ടിലേക്ക് മടങ്ങുമ്പോൾ ചുരത്തിലെ പതിമൂന്നാം ഹെയർപിൻ വളവിൽ വാഹനം നിയന്ത്രണം വിട്ട് പലവട്ടം കീഴ്മേൽ മറിഞ്ഞ് ഒൻപതാം വളവിലേക്ക് വീഴുകയായിരുന്നു. പൊള്ളാച്ചിയിൽ നിന്ന് 30 കിലോമീറ്റർ അകലെയാണ് അപകടമുണ്ടായ സ്ഥലം. പെരിന്തൽമണ്ണയിൽനിന്ന് വാടകയ്ക്കെടുത്ത ടൂറിസ്റ്റ് വാനിലാണ് ഡ്രൈവർ ഉൾപ്പെടെ 13 പേർ യാത്ര പോയത്. ഏഴു സ്ത്രീകളും ഒരു കുട്ടിയും ഉൾപ്പെടെ ഒൻപത് പേരാണ് അപകടത്തിൽ മരിച്ചത്. നാലുപേർക്കാണ് പരിക്കേറ്റത്.

## യേശുക്രിസ്തുവിന്റെ പ്രതിമ തകർത്ത് ഇസ്രായേൽ പട്ടാളം; ലോകമെങ്ങും പ്രതിഷേധം

ബെയ്റൂത്ത്: ദക്ഷിണ ലെബനനിലെ ക്രിസ്ത്യൻ ഭൂരിപക്ഷ ഗ്രാമത്തിൽ യേശുക്രിസ്തുവിന്റെ പ്രതിമ തകർത്ത് ഇസ്രായേൽ പട്ടാളം. പ്രതിമ അടിച്ചുതകർക്കുന്ന ഇസ്രായേൽ സൈനികന്റെ ചിത്രം സോഷ്യൽ മീഡിയയിൽ വൈറലാണ്. ഫലസ്തീൻ മാധ്യമപ്രവർത്തകനായ യൂനിസ് തിരവിയാണ് എക്സ് അക്കൗണ്ടിലൂടെ ഈ ചിത്രം പുറത്തുവിട്ടത്. സംഭവം വിവാദമായതോടെ, ചിത്രം യഥാർഥമാണെന്നും തങ്ങളുടെ സൈനികനാണ് ഇതിന് പിന്നിലെന്നും ഇസ്രായേൽ പ്രതിരോധ സേന ഔദ്യോഗികമായി സ്ഥിരീകരിച്ചു.



പ്രതിമ തകർക്കുന്നതിന് മുമ്പുള്ള ചിത്രവും തകർത്ത ശേഷമുള്ള ചിത്രവും തിരവി പങ്കുവെച്ചിട്ടുണ്ട്. "പിതാവേ, ഇവർ ചെയ്യുന്നത് എന്താണെന്ന് ഇവർ അറിയുന്നില്ല; ഇവരോട് ക്ഷമിക്കണമേ" എന്ന ബൈബിൾ വാചകത്തോടെയാണ് ഈ ചിത്രം പ്രചരിക്കുന്നത്. മതചിഹ്നങ്ങളെ അവഹേളിക്കുന്ന സൈനികന്റെ നടപടിക്കെതിരെ ലോകമെമ്പാടുമുള്ള സോഷ്യൽ മീഡിയ ഉപയോക്താക്കൾ കടുത്ത ഭാഷയിൽ പ്രതികരിച്ചു. ഇത് തികച്ചും അനാദരവാണെന്നും മനുഷ്യത്വരഹിതമാണെന്നും പലരും കുറിച്ചു.

തുടക്കത്തിൽ ചിത്രത്തിന്റെ ആധികാരികത പരിശോധിക്കുകയാണെന്ന് പറഞ്ഞ ഐഡിഎഫ് വക്താവ് ലെഫ്റ്റനൻറ് കേണൽ നദവ് ഷോഷാനി, പിന്നീട് ചിത്രം സത്യമാണെന്ന് സമ്മതിച്ചു. സൈനികന്റെ നടപടി ഇസ്രായേൽ സൈന്യത്തിൻറെ മൂല്യങ്ങൾക്ക് വിരുദ്ധമാണെന്നും അതീവ ഗൗരവത്തോടെയാണ് ഇതിനെ കാണുന്നതെന്നും ഐഡിഎഫ് പ്രസ്താവനയിൽ പറഞ്ഞു. സംഭവത്തിൽ നോർത്തേൺ കമാൻഡ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.


## തിരുവനന്തപുരം കിളിമാനൂരിൽ പാമ്പ് കടിയേറ്റ സ്ത്രീ മരിച്ചു

തിരുവനന്തപുരം: കിളിമാനൂരിൽ പാമ്പ് കടിയേറ്റ സ്ത്രീ മരിച്ചു. കിളിമാനൂർ പുളിമാത്ത് സ്വദേശിനി സുധർമ്മയാണ് മരിച്ചത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. ഇന്ന് രാവിലെയാണ് പാമ്പുകടിയേറ്റത്.അതേസമയം, തൃശൂർ കോടാലിയിലെ എട്ടുവയസ്സുകാരൻ ആൽജോയുടെ മരണം പാമ്പിന്റെ വിഷം ഉള്ളിൽ ചെന്നാണെന്ന് പോസ്റ്റ്മോർട്ടത്തിൽ സ്ഥിരീകരിച്ചു. പാമ്പുകടിയേറ്റ സഹോദരൻ ആനോഷ് ഗുരുതരാവസ്ഥയിൽ തുടരുകയാണ്. ആൽജോയുടെ സംസ്കാരം ഇന്ന് നടക്കും.മാനന്തവാടി പയ്യമ്പള്ളിയിൽ വീട്ടുവളപ്പിൽമൂർഖൻ പാമ്പും 28 കുഞ്ഞുങ്ങളെയും കണ്ടെത്തി. പയ്യമ്പള്ളി പടമല പൂവത്തിങ്കൽ ടോമിയുടെ പറമ്പിലാണ് പാമ്പുകളെ കണ്ടെത്തിയത്. ഇന്നലെയാണ് പാമ്പുകളെ കണ്ടെത്തിയത്.

## നെട്ടയത്തെ ബിജെപി–സിപിഎം സംഘർഷത്തിൽ കേസെടുത്ത് പൊലീസ്

തിരുവനന്തപുരം: നെട്ടയത്ത് ബിജെപി-സിപിഎം പ്രവർത്തകർ തമ്മിലുണ്ടായ സംഘർഷത്തിൽ കേസെടുത്ത് വട്ടിയൂർക്കാവ് പൊലീസ്. സംഘർഷം തടയാനെത്തിയ പൊലീസുകാരെ ആക്രമിച്ചതിനും ഡ്യൂട്ടി തടസപ്പെടുത്തിയതിനും പ്രവർത്തകർക്കെതിരെ കർശന വകുപ്പുകൾ ചുമത്തിയാണ് കേസെടുത്തിരിക്കുന്നത്. ആക്രമണത്തിൽ പോലീസുകാർ ഉൾപ്പെടെ ഒൻപത് പേർക്ക് പരിക്കേറ്റിരുന്നു.

ബിജെപി പ്രവർത്തകരായ ദമ്പതിമാരും അയൽവാസിയായ യുവാവും തമ്മിലുള്ള വഴി തർക്കമാണ് രാഷ്ട്രീയ സംഘർഷമായി മാറിയത്. രാത്രി 7 മണിയോടെ നെട്ടയം മലമുകളിൽ ഇരു വിഭാഗങ്ങളും സംഘം ചേർന്ന് ഏറ്റുമുട്ടുകയായിരുന്നു. പിന്നാലെയാണ് പോലീസ് ലാത്തി ചാർജ് നടത്തിയത്. ഇതിനിടെ ഉണ്ടായ കല്ലേറിൽ വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷനിലെ സിപിഒ ദീപുവിന് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. മാരകായുധങ്ങൾ ഉപയോഗിച്ച് പോലീസിനെ ആക്രമികച്ചതടക്കമുള്ള വകുപ്പുകളാണ് എഫ്ഐആറിലുള്ളത്.




നഗ്നത പ്രദർശനം നടത്തിയെന്ന് ആരോപിച്ച് ബിജെപി പ്രവർത്തകന്റെ ഭാര്യ വട്ടിയൂർക്കാവ് പൊലീസിൽ സിപിഎം പ്രവർത്തകർനെതിരെ പരാതി കൊടുത്തതാണ് സംഘർഷങ്ങളുടെ തുടക്കം. ഇതിന്റെ പേരിൽ ബിജെപി പ്രവർത്തകനെ സിപിഎം പ്രവർത്തകർ തടഞ്ഞ് വച്ചെന്നും അക്രമിച്ചെന്നുമാണ് ബിജെപി ആരോപണം.

അതേസമയം, അതിർത്തി തർക്കമാണെന്നും പ്രശ്നം രാഷ്ട്രീയ വത്കരിക്കാൻ ബിജെപി ശ്രമിക്കുകയാണെന്നുമാണ് സിപിഎം വിശദീകരണം. അതിനിടെ ഇന്നലെ അർധരാത്രി ഡിവൈഎഫ്ഐ മേഖലാ ട്രഷററുടെ വീടിന് നേരെ ആക്രമണ ശ്രമമുണ്ടായി. വാളുമായി മൂന്നംഗസംഘം ബൈക്കിൽ എത്തിയതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നു.വിഷയവുമായി ബന്ധപ്പെട്ട ബിജെപി വട്ടിയൂർക്കാവ് പൊലീസ് സ്റ്റേഷനിലേക്ക് നടത്തിയ മാർച്ചിനിടെ മാധ്യമ പ്രവർത്തകക്ക് നേരെ കയറ്റശ്രമമുണ്ടായി. പൊലീസ് നടപടി ഏകപക്ഷീയമായിരുന്നു എന്ന് ആരോപിച്ചാണ് രാത്രി 11ന് ബിജെപി വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷനിലേക്ക് മാർച്ച് നടത്തിയത്. ഇതിനിടെയാണ് മാധ്യമപ്രവർത്തകയെ ബിജെപി പ്രവർത്തകർ ഭീഷണിപ്പെടുത്തിയത്. സംഘർഷ സാഹചര്യത്തിൽ മേഖലയിൽ ജാഗ്രത ശക്തമാക്കിയിരിക്കുകയാണ് പൊലീസ്. വീണ്ടും സംഘർഷം ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്.

# കോഴിക്കോട് ആസ്റ്റർ മിംസിൽ പ്രത്യേക പീഡിയാട്രിക് ഹാർട്ട് ഫെയിലിയർ ക്ലിനിക്ക് പ്രവർത്തനം ആരംഭിച്ചു

കോഴിക്കോട്: കുട്ടികളിൽ വർധിച്ചുവരുന്ന ഹൃദയ സംബന്ധമായ പ്രശ്നങ്ങൾക്ക് ശാസ്ത്രീയമായ ചികിത്സയും ഏകോപിത പരിചരണവും ലഭ്യമാക്കുന്നതിനായി കോഴിക്കോട് ആസ്റ്റർ മിംസിൽ 'പീഡിയാട്രിക് ഹാർട്ട് ഫെയിലിയർ ക്ലിനിക്ക്' പ്രവർത്തനം ആരംഭിച്ചു. കുട്ടികൾക്ക് ഉണ്ടാവുന്ന ഹൃദയ സംബന്ധമായ തകരാറുകൾ കൃത്യസമയത്ത് കണ്ടെത്തുന്നതിനും മികച്ച ചികിത്സ ഉറപ്പാക്കുന്നതിനും പ്രത്യേക വൈദ്യ സഹായം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ക്ലിനിക്കിന് രൂപം നൽകിയിരിക്കുന്നത്. ഹൃദയവൈകല്യങ്ങൾ മൂലം ബുദ്ധിമുട്ടുന്ന കുട്ടികൾക്ക് എല്ലാ മാസവും രണ്ടാമത്തെ ശനിയാഴ്ച ഈ ക്ലിനിക്കിൽ വിദഗ്ധ സേവനം ലഭ്യമാകും.



കോഴിക്കോട് ആസ്റ്റർ മിംസിൽ പ്രവർത്തനം ആരംഭിച്ച പ്രത്യേക പീഡിയാട്രിക് ഹാർട്ട് ഫെയിലിയർ ക്ലിനിക്കിന്റെ ഉദ്ഘാടനം ഡോ. സുധ കൃഷ്ണനുണ്ണി നിർവ്വഹിക്കുന്നു.


കുട്ടികളിലെ ഹൃദയത്തിന് പ്രകടമാക്കുന്ന ലക്ഷണങ്ങളും അതിന് നൽകുന്ന ചികിത്സയും താരതമ്യേന മുതിർന്നവരിൽ കാണപെടുന്നതിനേക്കാൾ വ്യത്യസ്തമാണ്. ആരോഗ്യ സംഘടനകളുടെ കണക്കുകൾ വ്യക്തമാക്കുന്നത് ആയിരത്തിൽ എട്ടു കുട്ടികൾക്ക് ജന്മനാ ഹൃദയവൈകല്യങ്ങൾ ഉണ്ടാകാനിടയുണ്ടെന്നാണ്. ജന്മനായുള്ള ഹൃദയവൈകല്യങ്ങൾ, ഹൃദയപേശികളുടെ ബലക്കുറവ് തുടങ്ങി മറ്റു ഹൃദയ സംബന്ധമായ പ്രശ്നങ്ങൾ കൃത്യമായ ചികിത്സ ലഭിക്കാതെ ഹൃദയസ്തംഭനത്തിലേക്ക് നയിക്കാം. ശ്വാസംമുട്ടൽ, അമിതമായ കിതപ്പ്, പാൽ കുടിക്കാനുള്ള ബുദ്ധിമുട്ട്, ശരീരത്തിലെ നീര്, വളർച്ചക്കുറവ് എന്നിവ ഇതിന്റെ ലക്ഷണങ്ങളാണ്. കുട്ടികളിലെ ഹൃദയസംബന്ധമായ അസുഖങ്ങൾ കൃത്യസമയത്ത് തിരിച്ചറിഞ്ഞാൽ ഭൂരിഭാഗം പ്രശ്നങ്ങളും ശസ്ത്രക്രിയയിലൂടെയോ മരുന്നുകളിലൂടെയോ പരിഹരിക്കാൻ സാധിക്കും. ഇത്തരം സങ്കീർണ്ണമായ അവസ്ഥകളിലൂടെ കടന്നുപോകുന്ന കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും കൃത്യമായ ചികിത്സയും മാനസിക പിന്തുണയും നൽകാനാണ് ക്ലിനിക് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

മലബാർ മേഖലയിലെ ആരോഗ്യരംഗത്ത് വർഷങ്ങളുടെ പ്രവർത്തന പാരമ്പര്യമുള്ള കോഴിക്കോട് ആസ്റ്റർ മിംസ് ഓരോ കുഞ്ഞിനും മികച്ച ക്ലിനിക്കൽ പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ക്ലിനിക്ക് ആരംഭിച്ചിരിക്കുന്നത്. കൂടാതെ കുട്ടികൾക്ക് മെച്ചപ്പെട്ട ആരോഗ്യവും സാധാരണ ജീവിതവും ഉറപ്പാക്കാനാണ് തങ്ങൾ പുതിയ ക്ലിനിക്കിലൂടെ ആഗ്രഹിക്കുന്നതെന്ന് ആശുപത്രി അധികൃതർ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. ചടങ്ങിൽ ആസ്റ്റർ മിംസ് എ.ജി.എം. ഷീന നമ്പ്യാർ, പീഡിയാട്രിക് കാർഡിയോളജി വിഭാഗം മേധാവി രേണു പി. കുറുപ്പ്, ചീഫ് കൺസൾട്ടന്റ് രമദേവി കെ.എസ്, ഡോ. നബീൽ ഫൈസൽ, പീഡിയാട്രിക് കാർഡിയാക് സർജന്മാരായ ഡോ. ഗിരീഷ് വാരിയർ, ഡോ. ശബരിനാഥ് മേനൻ, പീഡിയാട്രിക് കാർഡിയോളജിസ്റ്റ് സീനിയർ സ്പെഷ്യലിസ്റ്റ് ഡോ.അരുൺ പി എസ് തുടങ്ങിയവർ പങ്കെടുത്തു. ക്ലിനിക്കിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും കൂടുതൽ വിവരങ്ങൾക്കും 9961997779 നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# കോഴിക്കോട് യുവതിക്കുനേരെ അതിക്രമം; പ്രതി അറസ്റ്റിൽ

കോഴിക്കോട്: നമ്പർപ്ലേറ്റില്ലാത്ത ബൈക്കിലെത്തി യുവതിക്കുനേരേ ലൈംഗികാതിക്രമം നടത്തിയയാളെ പന്നിയങ്കര പോലീസ് പിടികൂടി.

കണ്ണഞ്ചേരി വെള്ളടത്ത് പറമ്പിൽ കൊമ്മേരി സ്വദേശി മാത്തുക്കൽ വീട്ടിൽ നിഹാദ് (20) ആണ് അറസ്റ്റിലായത്. ജനുവരി 30-ന് രാവിലെ പന്നിയങ്കര റെയിൽവേ ട്രാക്കിനടുത്ത് മഹിമ അപ്പാർട്ട്മെന്റിന് സമീപത്തുവെച്ചാണ് സംഭവമുണ്ടായിരുന്നു.



യുവതിയുടെ പരാതിയിൽ പോലീസ് സമീപത്തെ സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ചാണ് പ്രതിയെ തിരിച്ചറിഞ്ഞത്.

നമ്പർപ്ലേറ്റില്ലാത്ത ബൈക്കിൽ യാത്രചെയ്ത് ആളൊഴിഞ്ഞ സ്ഥലങ്ങളിൽവെച്ച് യുവതികളോട് അപമര്യാദയായി പെരുമാറുന്നതാണ് പ്രതിയുടെ രീതിയെന്ന് പോലീസ് പറഞ്ഞു. ആരും പരാതിയുമായി വരാത്തതിനാൽ പ്രതിക്കെതിരേ മറ്റുകേസുകൾ രജിസ്റ്റർചെയ്തിട്ടില്ല. ഇയാൾ ഉപയോഗിക്കുന്ന വാഹനം മോഷ്ടിച്ചതാണോയെന്ന് പോലീസ് അന്വേഷിച്ചുവരുകയാണ്. പന്നിയങ്കര പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ഗണേശൻ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഷൈജു, എസ്.സി.പി.ഒ. പി.കെ. ബിനീഷ്, സി.പി.ഒ.മാരായ ദിനിൽ, പ്രജീഷ് എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.


വാൽപാറ ദുരന്തത്തിൽ മരണപ്പെട്ടവരുടെ വീടുകൾ ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോടിന്റെ നേതൃത്വത്തിലുള്ള സംഘം സന്ദർശിക്കുന്നു

# കോഴിക്കോട് സ്വദേശി വിഷ്ണുവിനെ കണ്ടെത്തി

കോഴിക്കോട്: ലോൺ ആപ്പ് ഭീഷണിക്ക് പിന്നാലെ വടകരയിൽ നിന്നും കാണാതായ ആയിഞ്ചേരി സ്വദേശി വിഷ്ണുവിനെ കണ്ടെത്തി. പയ്യന്നൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും കണ്ടെത്തിയെന്നാണ് വിവരം. നേത്രാവതി എക്സ്പ്രസിൽ യാത്ര ചെയ്യുന്നതിനിടെ, സഹയാത്രക്കാരന്റെ മൊബൈൽ ഫോണിൽ വിഷ്ണു രാവിലെ സഹോദരനെ ഫോണിൽ വിളിക്കുകയായിരുന്നു.

താൻ ജീവനോടെയുണ്ടെന്നും, സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നതിനാൽ വീട്ടിലേക്ക് വരാൻ തൽക്കാലം താൽപ്പര്യപ്പെടുന്നില്ലെന്നും വിഷ്ണു അറിയിച്ചു. എന്നാൽ വീട്ടുകാർ കടുത്ത മനഃപ്രയാസത്തിലൂടെയാണ് പോകുന്നതെന്നും, വീട്ടിലേക്ക് മടങ്ങി വരണമെന്നും അനുജൻ വിഷ്ണുവിനോട് ആവശ്യപ്പെട്ടു. തുടർന്ന് പയ്യന്നൂർ റെയിൽവേ സ്റ്റേഷനിൽ ഇറങ്ങുകയായിരുന്നു.

ഇതിനിടെ സിആർപിഎഫിൽ ജോലി ചെയ്യുന്ന അമ്മാവന്റെ ഫോൺ നമ്പറും ശേഖരിച്ച് വിഷ്ണു വിളിച്ചു. തുടർന്ന് വീട്ടുകാർ പയ്യന്നൂരിലെത്തി വിഷ്ണുവിനെ കണ്ടു.



വീട്ടുകാരുടെ പരാതിയെത്തുടർന്ന് വിഷ്ണുവിനെ പൊലീസ് അന്വേഷിച്ചു വരികയായിരുന്നു. ലോൺ ആപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾക്കായി പൊലീസ് വിഷ്ണുവിൽ നിന്നും മൊഴിയെടുക്കും.

ഇക്കഴിഞ്ഞ ഏപ്രിൽ 13 നാണ് 25 കാരനായ വിഷ്ണുവിനെ കാണാതായത്. ബാങ്കിൽ പോകുന്നുവെന്നു പറഞ്ഞാണ് വിഷ്ണു വീട്ടിൽ നിന്നും പോയതെന്ന് വീട്ടുകാർ പറയുന്നു. പതിനായിരം രൂപയാണ് 25 കാരനായ വിഷ്ണു ലോൺ ആപ്പിൽ നിന്നും വായ്പയെടുത്തത്. ഇതിന്റെ തിരിച്ചടവ് മുടങ്ങിയതോടെയാണ്, മോർഫ് ചെയ്ത ചിത്രങ്ങൾ കാണിച്ച് ലോൺ ആപ്പ് മാഫിയാ സംഘത്തിലുള്ളവർ ഭീഷണിപ്പെടുത്തിയെന്നാണ് കുടുംബം പറയുന്നത്.

# വാൽപാറ ദുരന്തം: മർകസ് സംഘം മരണ വീടുകൾ സന്ദർശിച്ചു

കാഴിക്കോട്: തമിഴ്നാട് വാൽപാറയിൽ വാഹനം നിയന്ത്രണംവിട്ടുണ്ടായ അപകടത്തിൽ മരണപ്പെട്ട സ്കൂൾ അധ്യാപകരുടെയും ജീവനക്കാരുടെയും വീടുകൾ മർകസ് സംഘം സന്ദർശിച്ചു. മർകസ് ജനറൽ സെക്രട്ടറി ഉസ്താദ് കാന്തപുരം എപി അബൂബക്കർ മുസ്‌ലിയാരുടെ പ്രത്യേക നിർദേശത്തെ തുടർന്നാണ് മർകസ് എക്സിക്യൂട്ടീവ് കമ്മിറ്റി സെക്രട്ടറിയും സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാനുമായ ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോടിന്റെ നേതൃത്വത്തിലുള്ള സംഘം മലപ്പുറം പാങ്ങിലുള്ള മരണപ്പെട്ടവരുടെ വീടുകൾ സന്ദർശിച്ചത്.

കേരള മുസ്‌ലിം ജമാഅത്ത്, എസ് വൈ എസ് പ്രാദേശിക നേതാക്കൾക്കൊപ്പം മരണ വീടുകൾ സന്ദർശിച്ച സംഘം ബന്ധുക്കളെ ആശ്വസിപ്പിക്കുകയും പ്രാർഥന നടത്തുകയും ചെയ്തു.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും മരണാനന്തര ചടങ്ങുകൾക്കും നേതൃത്വം നൽകിയ സന്നദ്ധപ്രവർത്തകരുമായും പ്രദേശവാസികളുമായും ആശയവിനിമയം നടത്തി. ചികിത്സയിൽ കഴിയുന്നവരുടെ പുരോഗതിയും അന്വേഷിച്ചു.

മർകസ് ഡയറക്ടർ ബോർഡ് അംഗങ്ങളായ ഉനൈസ് മുഹമ്മദ്, വിഎം റഷീദ് സഖാഫി, ഷമീം കെകെ, ദുൽകിഫിൽ സഖാഫി തുടങ്ങിയവർ സംഘത്തിലുണ്ടായിരുന്നു.

# പാലക്കാട്– കണ്ണൂർ എകസ്പ്രസ് കാസർകോടുവരെയോ മംഗളൂരുവരെയോ നീട്ടുന്നത് പരിശോധിക്കും– ഡിആർഎം

നീലേശ്വരം: പാലക്കാട്-കണ്ണൂർ എക്സ്പ്രസ് (16611) കാസർകോടുവരെയോ മംഗളൂരുവരെയോ നീട്ടുന്ന കാര്യം പരിശോധിക്കുമെന്ന് പാലക്കാട് റെയിൽവേ ഡിവിഷണൽ മാനേജർ മധുകർ റൗട്ട് അറിയിച്ചു. നീലേശ്വരം റെയിൽവേ ഡിവലപ്പ്മെന്റ് കളക്ടീവ് (എൻ.ആർ.ഡി.സി.) ഭാരവാഹികളുമായുള്ള ചർച്ചയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. പുതുതായി സർവീസ് ആരംഭിച്ച മംഗളൂരു ജങ്ഷൻ-നാഗർകോവിൽ ജങ്ഷൻ അമൃത് ഭാരത് എക്സ്പ്രസിന് യാത്രക്കാരിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്നും ഇത് തുടർന്നാൽ പ്രസ്തുത വണ്ടി കൂടുതൽ ദിവസങ്ങളിൽ ഓടിക്കുന്നതിന് ഡിവിഷൻ ശുപാർശ ചെയ്യുമെന്നും അദ്ദേഹം അറിയിച്ചു.

നിലവിലുള്ള നീലേശ്വരം റെയിൽവേ സ്റ്റേഷന്റെ പ്രധാന കെട്ടിടത്തിനു മുകളിൽ ഡോർമെറ്ററി സംവിധാനം ഒരുക്കുമെന്നും റെയിൽവേ സ്റ്റേഷൻ റോഡരികിൽ നിലവിലുള്ള പാർക്കിങ് സംവിധാനം മാറ്റി, അവിടെ വിവിധോദ്ദേശ സ്റ്റാളുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുമായി റെയിൽവേ മുന്നോട്ടുപോകുമെന്ന് സീനിയർ ഡിവിഷനൽ കമേർഷ്യൽ മാനേജർ അരുൺ തോമസും അറിയിച്ചു. നിലവിൽ പടിഞ്ഞാറുഭാഗത്ത് നിർമാണം പൂർത്തിയായിക്കൊണ്ടിരിക്കുന്ന പാർക്കിങ് സമുച്ചയത്തിലേക്ക്, എല്ലാ വാഹനങ്ങൾക്കുമുള്ള പാർക്കിങ് സൗകര്യം ഒരുക്കും എന്നും അദ്ദേഹം പറഞ്ഞു.

ഈ പാർക്കിങ് സ്ഥലത്തിന്റെ വടക്കുഭാഗത്താണ് പുതുതായി സിന്തറ്റിക്ക് ടർഫ് നിർമിക്കുന്നത്. പുതിയ സ്റ്റേഷൻ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചശേഷം നിലവിലുള്ള കെട്ടിടത്തിൽ ഉയർന്ന ക്ലാസ് യാത്രക്കാർക്കുള്ള ശീതീകരിച്ച വിശ്രമമുറി ഒരുക്കുമെന്നും അറിയിച്ചു.

ചർച്ചയിൽ ഡിവിഷണൽ മാനേജർക്ക് പുറമെ, അഡീഷണൽ ഡിവിഷണൽ റെയിൽവേ മാനേജർ എസ്.ജയകൃഷ്ണൻ, എൻ.ആർ.ഡി.സി. പ്രസിഡന്റ് എൻ.സദാശിവൻ, പി.യു.ചന്ദ്രശേഖരൻ, കെ.ബാബുരാജ്, സി.എം.സുരേഷ്കുമാർ, ഗീതാറാവു, എം.ബാലകൃഷ്ണൻ, പി.ടി.രാജേഷ്, എ.വിവേക് എന്നിവർ പങ്കെടുത്തു.

# ബസ് സമയത്തെച്ചൊല്ലിയുള്ള സംഘർഷം തുടരുന്നു

കോഴിക്കോട് : സ്വകാര്യബസ് സമയത്തെ ചൊല്ലിയുള്ള തെരുവുയുദ്ധത്തിന് അറുതിയാവുന്നില്ല. കഴിഞ്ഞദിവസമുണ്ടായ വാക്തർക്കത്തെ തുടർന്നുള്ള തമ്മിൽത്തല്ലുമായി ബന്ധപ്പെട്ട് രണ്ട് വ്യത്യസ്ത സംഭവങ്ങളിലായി രണ്ടുപേർക്ക് പരിക്ക്. മലപ്പുറം സ്വദേശികളായ രണ്ടുപേർക്കാണ് പരിക്കേറ്റത്.മലപ്പുറം സ്വദേശികളായ വള്ളുവമ്പ്രം കൈതക്കോടൻ വീട്ടിൽ കെ. കബീർ (48), വള്ളുവമ്പ്രം ചോലക്കൽ കെ.പി. ദിൽഷാദ് (24) എന്നിവർക്കാണ് പരിക്കേറ്റത്. 'മിഷാൻ' ബസിന്റെ ക്ലീനറായ കബീറിന് മൊഫ്യൂസിൽ ബസ് സ്റ്റാൻഡിനുള്ളിൽവെച്ചാണ് മർദനമേറ്റത്. വെള്ളിയാഴ്ച വൈകീട്ട് 4.05-നാണ് സംഭവം. ബസ് കഴുകുന്നതിനിടയിൽ 'അനുഗ്രഹം' ബസിന്റെ ഉടമ ജാബിറും ക്ലീനർ ദിൽഷാദും മറ്റൊരാളും എത്തി മർദിക്കുകയായിരുന്നു.



വെള്ളിയാഴ്ച 9.15-ന് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന് സമീപത്തുകൂടി നടന്നുപോകുമ്പോൾ നടപ്പാതയിൽവെച്ചാണ് ദിൽഷാദിന് മർദനമേറ്റത്. മൂന്നുപേർചേർന്ന് തടഞ്ഞുവെച്ച് മുളവടികൊണ്ട് അടിച്ച് പരിക്കേൽപ്പിക്കുകയായിരുന്നു. അബ്ദുൾ മറൂഫ്, ബിലാൽ, മനു എന്നിവർചേർന്നായിരുന്നു മർദിച്ചതെന്ന് പോലീസിൽ നൽകിയ പരാതിയിൽ പറഞ്ഞു.രണ്ട് സംഭവങ്ങളിലുമായി കസബ പോലീസ് കേസെടുത്തു. ചൊവ്വാഴ്ച രാവിലെയും വൈകീട്ടുമായി സമയക്രമത്തെച്ചൊല്ലി പാളയത്തുണ്ടായ തർക്കത്തിൽ രണ്ട് ബസുകളുടെ ചില്ലുകൾ തകർത്തിരുന്നു. ഒരു ബസിന്റെ ഡ്രൈവർക്ക് ഈ സംഭവത്തിൽ പരിക്കേറ്റിരുന്നു. ഇരുസംഭവങ്ങളിലുമായി രണ്ട് ബസും പോലീസ് കസ്റ്റഡിയിലെടുക്കുകയുണ്ടായി.കുന്ദമംഗലം വഴി കോഴിക്കോട്-മുക്കം റൂട്ടിലോടുന്ന 'ശ്രീരുദ്ര' ബസിലെയും മാവൂർ ആർ.ഇ.സി. വഴി കോഴിക്കോട് -മുക്കം റൂട്ടിൽ സർവീസ് നടത്തുന്ന 'കൊമ്പൻ' ബസിലെ ജീവനക്കാരും തമ്മിലായിരുന്നു സംഘർഷം. വയനാട് സ്വദേശി മുക്കം കുഴിമണ്ണിൽ റാഫി (26)ക്കാണ് പരിക്കേറ്റത്. സമയക്രമത്തെച്ചൊല്ലിയുള്ള തർക്കത്തിൽ ബസ് ജീവനക്കാർ തമ്മിൽത്തല്ലുന്നത് നഗരത്തിൽ പലപ്പോഴും പതിവാകുകയാണ്.

# 'ദളിത് സമൂഹങ്ങളുടെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ മുന്നേറ്റം അനിവാര്യം – ഗിരീഷ് ആമ്പ്ര '

കോഴിക്കോട്:- ദളിത് - ഗോത്ര സമൂഹങ്ങളുടെ സാംസ്കാരികവും വിദ്യാഭ്യാസപരവും തൊഴിൽപരവുമായ മുന്നേറ്റം ഈ കാലഘട്ടത്തിൽ അനിവാര്യമാണെന്ന് കവിയും ഫോക് ലോറിസ്റ്റും ആക്ടിവിസ്റ്റുമായ ഗിരീഷ് ആമ്പ്ര പറഞ്ഞു.

വംശീയ - ജാതി വെ റിക്കെതിരെ പാട്ടുകൂട്ടം കോഴിക്കോട് കിഡ്സൺകോർണറിൽ സംഘടിപ്പിച്ച 'കൊട്ടും പാട്ടും 'എന്ന സർഗാത്മക പ്രതിഷേധസായാഹ്നം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സമസ്ത സാമൂഹ്യ മേഖലകളിൽ നിന്നും ദളിത് - ഗോത്ര വിഭാഗങ്ങളെ അകറ്റിനിർത്താനുള്ള പ്രവണത ആസൂത്രിതമാണ്.

അസഹിഷ്ണുതയെ അതിജീവിക്കാൻ സംഘടിതശക്തിയും സാംസ്കാരികമായ കരുത്തും സമരായുധമാക്കണമെന്നും ഗിരീഷ് ആമ്പ്ര കൂട്ടിച്ചേർത്തു.

അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് വിദ്യാർത്ഥി നിധിൻ രാജിന്റെ മരണം സി ബി ഐ അന്വേഷിക്കണമെന്ന് പാട്ടു കൂട്ടം പ്രവത്തകർ ആവശ്യപ്പെട്ടു.




പരിപാടിയിൽ പാട്ടുകൂട്ടം കോഴിക്കോട് ജോ: ഡയറക്ടർ കോട്ടക്കൽ ഭാസ്കരൻ അധ്യക്ഷത വഹിച്ചു.

കലാ - സാമൂഹ്യ പ്രവർത്തകരായ ഐ പി ശീതൾ രാജ്,മാവൂർ വിജയൻ,നവീൻ രാജ്,സന്തോഷ് പാലക്കട, ഡോ: പി ശ്രീമാനുണ്ണി,നിധിൻ ഇരുവള്ളൂർ,സജീവൻ കൊയിലാണ്ടി, യൂ ട്ടി ശ്രീധരൻ,കൃഷ്ണദാസ് വല്ലാപ്പുന്നി, പി പി കണ്ടക്കുട്ടി, നൗഷാദ് കല്ലാച്ചി,തങ്കം പറമ്പിൽ,ഷാഫി വാഴയൂർ,അനിൽ കൊള ത്തറ,രാജേഷ് മുചുകുന്ന്,റിജു ഗോത്ര മലപ്പുറം ,ഷൈനി പ്രകാശ്,സിതാര ചെറുവണ്ണൂർ,പ്രദീപ് കോട്ടക്കൽ തുടങ്ങി നിരവധി പേർ പ്രതിഷേധപരിപാടിയെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

'കൊട്ടും പാട്ടും' പരിപാടിക്ക് എൺപതോളം കലാകാരന്മാർ നേതൃത്വം നൽകി.

പാട്ടുകൂട്ടം കലാകാരൻമാരായ വി എം ചന്ദ്രിക സ്വാഗതവും കെ ട്ടി രവി കീഴരിയൂർ നന്ദിയും പറഞ്ഞു.

# കടുത്ത ചൂടിൽ വൈദ്യുതി ഉപഭോഗത്തിലും ശ്രദ്ധവേണം

കണ്ണൂർ: ജില്ലയിൽ വേനൽച്ചൂട് കഠിനമായതോടെ വൈദ്യുതി ഉപഭോഗം കുതിച്ചുയരുന്ന സാഹചര്യത്തിൽ മുന്നറിയിപ്പുമായി കെ.എസ്.ഇ.ബി. കഴിഞ്ഞ ഏതാനും ദിവസങ്ങളായി ജില്ലയിലെ വിവിധ ഭാഗങ്ങളിൽ താപനില 35 ഡിഗ്രി സെൽഷ്യസിനും മുകളിൽ തുടരുന്നതോടെ വൈദ്യുതിയുടെ ആവശ്യകത കുത്തനെ കൂടിയിട്ടുണ്ട്. വൈകീട്ട് ആറ് മുതൽ രാത്രി 11 വരെയുള്ള പീക്ക് സമയത്ത് വലിയ തോതിൽ വൈദ്യുതി വലിച്ചെടുക്കുന്ന ഉപകരണങ്ങൾ ഒഴിവാക്കണമെന്ന് കെ.എസ്.ഇ.ബി അധികൃതർ പറഞ്ഞു.

വീടുകളിലും ഓഫീസുകളിലും എയർ കണ്ടീഷണറുകളുടെയും ഫാനുകളുടെയും ഉപയോഗം വർദ്ധിച്ചതും എൽ.പി.ജി ക്ഷാമം കാരണം ഇൻഡക്ഷൻ കുക്കറുകളുടെ ഉപയോഗം വർദ്ധിച്ചതും വൈദ്യുതി ഉപഭോഗം കൂടാൻ കരാണമായിട്ടുണ്ട്. പലയിടങ്ങളിലും ട്രാൻസ്ഫോർമറുകൾക്ക് അമിതഭാരം അനുഭവപ്പെടുന്നത് വൈദ്യുതി വിതരണത്തെ ബാധിക്കുന്നുണ്ട്. വോൾട്ടേജ് ക്ഷാമവും ലോക്കൽ പവർ കട്ടും ജില്ലയുടെ പല ഭാഗങ്ങളിലും നേരിട്ടു തുടങ്ങിയിട്ടുണ്ട് .



വൈദ്യുതി ഉപയോഗം പരമാവധി പരിധിയോട് അടുക്കുന്ന സമയങ്ങളിൽ പ്രാദേശികമായി നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയാണ് ഇപ്പോൾ ഉപയോഗം നിയന്ത്രിക്കുന്നത്. അതേസമയം, ഈ നിയന്ത്രണത്തിനു ശേഷം വൈദ്യുതി പുനസ്ഥാപിക്കുമ്പോൾ ഒറ്റയടിക്ക് ഉപഭോഗം വർദ്ധിക്കുന്നത് ട്രാൻസ്ഫോർമറുകളിലെ ഫ്യൂസുകളും മറ്റും അടിച്ചുപോകുന്നതും വെല്ലുവിളിയാകുന്നു

രാത്രി പത്തിനു ശേഷം എല്ലാ ട്രാൻസ്ഫോർമറുകളുടെയും ലോഡ് അനുവദനീയമായതിനേക്കാൾ വളരെ കൂടുതലാണ്. കടുത്തചൂടിൽ നിന്ന് രക്ഷനേടാൻ ആളുകൾ കൂടുതലായി എ.സി ഉപയോഗിക്കാൻ തുടങ്ങിയാണ് ഇതിനു കാരണം. ലോഡ് കൂടുമ്പോൾ ഫ്യൂസുകൾ പൊട്ടാനും വോൾട്ടേജ് കുറയാനും ഇടയാകും. ഇലക്ട്രിക്ക് വാഹനങ്ങളുടെ എണ്ണം കുതിച്ചുയരുന്നതും ഉപഭോഗം കൂട്ടുന്നുണ്ട്. പകൽ ഉപയോഗിക്കാനായി രാത്രികാലങ്ങളിലാണ് വാഹനങ്ങൾ പലരും ചാർജ് ചെയ്യുന്നത്. ഇത് പീക്ക് സമയങ്ങളിൽ ഒഴിവാക്കണമെന്നും നിർദ്ദേശമുണ്ട്.

# ’സിപിഎം വിമതരുടെ കൂട്ടായ്മയ്ക്ക് പി വി അൻവർ; സുരേഷുമായി കൂടിക്കാഴ്ച




പാലക്കാട്: മലമ്പുഴയിലെ യുഡിഎഫ് സ്ഥാനാർഥിയും മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദന്റെ മുൻ പിഎയുമായ എ സുരേഷുമായി കൂടിക്കാഴ്ച നടത്തി ബേപ്പൂരിലെ യുഡിഎഫ് സ്ഥാനാർഥി പി വി അൻവർ. സിപിഎമ്മിൽ നിന്ന് വിട്ടുവന്ന എല്ലാ നേതാക്കളുമായി ചർച്ച നടത്തുമെന്ന് പി വി അൻവർ മാധ്യമങ്ങളോട് പറഞ്ഞു. സിപഎമ്മിൽ നിന്ന് വിട്ടുപോയവരുടെ കൂട്ടായ്മയ്ക്ക് രൂപം നൽകാൻ ശ്രമിക്കും. അതിന്റെ രൂപം യുഡിഎഫ് നേതൃത്വവുമായി ചർച്ച ചെയ്ത് തീരുമാനിക്കുമെന്നും പി വി അൻവർ മാധ്യമങ്ങളോട് പറഞ്ഞു. കോൺഗ്രസിൽ മുഖ്യമന്ത്രി സ്ഥാനത്തേയ്ക്ക് പരിഗണിക്കാൻ കഴിയുന്ന നിരവധി പേരുകളുണ്ട്. മുതിർന്ന നേതാക്കളായ കെ സി വേണുഗോപാലും വി ഡി സതീശനും രമേശ് ചെന്നിത്തലയും തനിക്ക് ഒരുപോലെ വേണ്ടപ്പെട്ടവരാണെന്നും അദ്ദേഹം പറഞ്ഞു.

’പിണറായിസത്തിന്റെ പേരിൽ ഇടതുപക്ഷം വിട്ടു മറുപക്ഷത്ത് വന്നവരാരും ഒറ്റപ്പെട്ട് പോകരുത്. സിപിഎമ്മിൽ നിന്ന് വന്നവരാരും ലാഭക്കച്ചവടക്കാർ അല്ല. വമ്പൻ നഷ്ടം സഹിച്ച് വന്നവരാണ്. സ്വാഭാവികമായി ഒരു ഇടതു രാഷ്ട്രീയം ഉണ്ടാവണമെന്ന് തന്നെയാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഒരു കൂട്ടായ്മ ഇവിടെ വേണം. ഒറ്റപ്പെട്ട് ആരും ആക്രമണത്തിന് വിധേയമാകുന്ന സാഹചര്യം ഉണ്ടാവാൻ പാടില്ല. യുഡിഎഫ് നേതൃത്വവുമായി ആലോചിച്ച് ഈ പ്ലാറ്റ്ഫോമിന് രൂപം നൽകും.’- പി വി അൻവർ പറഞ്ഞു.

പി വി അൻവർ ഉയർത്തിയ രാഷ്ട്രീയം ശരിയായിരുന്നുവെന്ന് തെരഞ്ഞെടുപ്പ് ഫലം വരുന്നതോടെ വ്യക്തമാകുമെന്ന് എ സുരേഷ് പറഞ്ഞു. പി വി അൻവർ ഉയർത്തിയ രാഷ്ട്രീയം ജനം ഏറ്റെടുത്തു. അൻവറുമായി ദീർഘകാലത്തെ സൗഹൃദം ഉണ്ടെന്നും സുരേഷ് പറഞ്ഞു. സിപിഎമ്മിന്റെ ജനവിരുദ്ധ രാഷ്ട്രീയം, ഏകാധിപത്യ രാഷ്ട്രീയം എന്നിവയ്ക്കെതിരെ പോരാട്ടം ആരംഭിച്ചത് പി വി അൻവറാണ്. അതിന് ശേഷമാണ് ഇതിന് വലിയ രൂപം കൈവന്നത്. അതാണ് തെരഞ്ഞെടുപ്പ് ഫലമായി വരാൻ പോകുന്നത്. ആശ്വാസ വാക്കായിട്ടാണ് അൻവർ വന്നത്. അദ്ദേഹം തനിക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചതിലും സന്തോഷമുണ്ട്. നിലവിൽ ഇടത് രാഷ്ട്രീയം ഏറ്റവും ഭംഗിയായി കൈകാര്യം ചെയ്യുന്നത് യുഡിഎഫ് ആണ്. അതിന് ശരിയായ അർഥമുണ്ട്. അതിനെ മറ്റുരീതിയിൽ കാണേണ്ടതില്ലെന്നും സുരേഷ് പറഞ്ഞു.

# ഹോർമൂസ് പ്രതിസന്ധിയിൽ ലോകം വിഴിഞ്ഞത്തെ ശ്രദ്ധിക്കുന്നു’



തിരുവനന്തപുരം: ഹോർമൂസ് കടലിടുക്കിലെ പ്രതിസന്ധി കേരളത്തിന്റെ വിഴിഞ്ഞം തുറമുഖത്തിന് ആഗോളതലത്തിൽ പ്രാധാന്യം വർധിപ്പിച്ചതായി തിരുവനന്തപുരം എംപി ശശി തരൂർ. ആഗോള കപ്പൽ ഗതാഗതത്തിന്റെ ശ്രദ്ധ തന്റെ മണ്ഡലത്തിലേക്ക് തിരിയുന്നു എന്ന് വ്യക്തമാക്കി സോഷ്യൽ മീഡിയയിൽ പങ്കുവച്ച പോസിറ്റിലാണ് തരൂർ വിഴിഞ്ഞം കഴിഞ്ഞ മാസം കൈവരിച്ച നേട്ടങ്ങൾ ഉൾപ്പെടെ അടയാളപ്പെടുത്തുന്നത്. വിഴിഞ്ഞത്ത് അടുക്കാനായി ഏകദേശം നൂറ് കപ്പലുകൾ കാത്തിരിക്കുന്നുണ്ടെന്നാണ് തരൂർ പറയുന്നത്. തിരുവനന്തപുരം എംപി എന്ന നിലയിൽ അഭിമാനം നൽകുന്നതാണ് കണക്കുകൾ എന്നും തരൂർ പറയുന്നു.

വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകളെ കുറിച്ച് സംശയം ഉന്നയിച്ചവർക്കുള്ള മറുപടിയാണ് ഇപ്പോഴത്തെ കണക്കുകൾ എന്ന നിലയിലാണ് തരൂർ സാഹചര്യങ്ങൾ വിശദീകരിക്കുന്നത്. ഹോർമുസ് കടലിടുക്കിലെ പ്രതിസന്ധിയെ തുടർന്ന് ലോകം ഒരു പുതിയതും വിശ്വസനീയവുമായ ഇടം അന്വേഷിക്കുകയാണ്. അതിനുള്ള ഉത്തരമാണ് വിഴിഞ്ഞം. ഇന്ത്യയിലെ ആദ്യത്തെ ആഴക്കടൽ ട്രാൻസ്ഷിപ്പ്മെന്റ് ഹബ് നിലവിൽ ഒരു വികസന പദ്ധതി മാത്രമല്ല, അതൊരു ആഗോള ആവശ്യകതയായി മാറിയതായും തരൂർ ചൂണ്ടിക്കാട്ടുന്നു.

2026 മാർച്ചിൽ മാത്രം 61 കപ്പലുകൾ വിഴിഞ്ഞത്ത് എത്തി. ഇതിന് അപ്പുറത്താണ് ബർത്തിങ്ങിന് സാഹചര്യം തേടിക്കൊണ്ടുള്ള കോളുകളുള്ളത്. 100 ബെർത്തിങ് കോളുകൾ ശേഷിക്കുന്നുണ്ട്. ഒരേസമയം 5 മദർഷിപ്പുകളെ ഉൾക്കൊള്ളാൻ കഴിയുന്ന വിധത്തിൽ വികസനം പുരോഗമിക്കുകയാണ്. കൊളംബോ, സിംഗപ്പൂർ പോലുള്ള അന്താരാഷ്ട്ര തുറമുഖങ്ങളോടാണ് വിഴിഞ്ഞം മത്സരിക്കുന്നത്. ഇത് പുതിയൊരു അവസരം സൃഷ്ടിക്കുകും മറ്റൊരു വൻ തുറമുഖത്തിന്റെ ജനനത്തിനും കൂടിയാണ് വഴിവയ്ക്കുന്നത് എന്നും തരൂർ പറയുന്നു.

# വെന്തുരുകി പാലക്കാട്, 40 ഡിഗ്രി ചൂട്; 12 ജില്ലകളിൽ മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് ഉയർന്ന താപനില മുന്നറിയിപ്പ്. ജാഗ്രതയുടെ ഭാഗമായി 12 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത്. ഇന്ന് ജില്ലയിൽ ഉയർന്ന താപനില 40 ഡിഗ്രി വരെ രേഖപ്പെടുത്താൻ സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കൊല്ലം ജില്ലയിൽ ഉയർന്ന താപനില 39 °C വരെയും കോട്ടയം ജില്ലയിൽ 38 ത്ഥഇ വരെയും ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ 37ത്ഥഇ വരെയും രേഖപ്പെടുത്തുമെന്നാണ് കാലാവസ്ഥ വകുപ്പിന്റെ പ്രവചനം. തിരുവനന്തപുരം ജില്ലയിൽ 36ത്ഥഇ വരെയും ചൂട് ഉയരാൻ (സാധാരണയെക്കാൾ 3 °ീ 4ത്ഥഇ വരെ കൂടുതൽ) സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ഈ ജില്ലകളിൽ മലയോര മേഖലകളിലൊഴികെ, ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ട്. അതിനിടെ സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ബുധനാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്നലെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഇടിമിന്നലോട് കൂടിയ മഴ ലഭിച്ചു. പലയിടത്തും ശക്തമായ കാറ്റിൽ വലിയ നാശനഷ്ടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇടിമിന്നൽ അപകടകാരികളാണ്. അവ മനുഷ്യന്റെയും മൃഗങ്ങളുടെയും ജീവനും വൈദ്യുത-ആശയവിനിമയ ശൃംഖലകൾക്കും വൈദ്യുത ചാലകങ്ങളുമായി ബന്ധിപ്പിച്ചിട്ടുള്ള വീട്ടുപകരണങ്ങൾക്കും വലിയ നാശനഷ്ടം സൃഷ്ടിക്കുന്നുണ്ട്. അതിനാൽ മുൻകരുതൽ സ്വീകരിക്കുന്നതിൽ നിന്നും വിട്ടുനിൽക്കരുതെന്നും മുന്നറിയിപ്പിൽ പറയുന്നു.




# കോൺഗ്രസ് ഏറ്റെടുത്ത ഭൂമിയിൽ ബോർഡ് സ്ഥാപിച്ച് ഡിവൈഎഫ്ഐ

കൽപ്പറ്റ: മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടൽ ദുരിതബാധിതർക്ക് വീടുകൾ നിർമിക്കുന്നതിനായി കോൺഗ്രസ് ഏറ്റെടുത്ത കുന്നമ്പറ്റയിലെ ഭൂമിക്ക് മുന്നിൽ ഡിവൈഎഫ് ഐ പ്രതിഷേധം. ഭൂമിയിലേക്കുള്ള വഴിയിൽ ഡിവൈഎഫ്ഐ. ബോർഡ് സ്ഥാപിച്ചു. വയനാട് മുണ്ടക്കൈ ചൂരൽമല ദുരന്ത ബാധിതർക്ക് 230 വീട് നിർമിക്കാൻ കോൺഗ്രസ് വാങ്ങി എന്നു പറയുന്ന 3.5 ഏക്കർ ഭൂമിയിലേക്കുള്ള വഴി എന്നാണ് ബോർഡിൽ എഴുതിയിരിക്കുന്നത്.

സംസ്ഥാന പ്രസിഡന്റ് വി വസീഫിന്റെ നേതൃത്വത്തിൽ കൽപ്പറ്റയിൽ നിന്നും കുന്നമ്പറ്റയിലേക്ക് ബൈക്ക് റാലിയായി എത്തിയാണ് പ്രവർത്തകർ ബോർഡ് സ്ഥാപിച്ചത്. കോൺഗ്രസിന്റെ ജീർണതയുടെ മുഖം തുറന്നു കാണിക്കാനാണ് ബോർഡ് സ്ഥാപിച്ചതെന്ന് വി. വസീഫ് പ്രതികരിച്ചു. ദുരിതാശ്വാസ നിധിയിലേക്ക് പണം കൊടുക്കരുതെന്ന് പറഞ്ഞവരാണ് കോൺഗ്രസുകാർ. അവർക്ക് ടൗൺഷിപ്പ് എന്ന് മിണ്ടാൻ പോലും അർഹതയില്ല. ടൗൺഷിപ്പിൽ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ പരിഹരിക്കുമെന്നും വസീഫ് അറിയിച്ചു.

വയനാട് ടൗൺഷിപ്പിലെ വീടുകളിൽ വിള്ളൽ രൂപം കൊണ്ടെന്ന ആരോപണത്തിൽ കോൺഗ്രസും, യൂത്ത് കോൺഗ്രസും പ്രതിപക്ഷ സംഘടനകളും സർക്കാരിനെതിരെ രംഗത്തെത്തിയതിന് പിന്നാലെയാണ് ഡിവൈഎഫ്ഐയുടെ പ്രതിരോധം. മുണ്ടക്കൈ ചൂരൽമല ടൗൺഷിപ്പിലെ വെള്ളം കിനിഞ്ഞിറങ്ങിയെന്ന് പരാതി ഉയർന്ന വീട് വി വസിഫിന്റെ നേതൃത്വത്തിലുള്ള സംഘം സന്ദർശിക്കുകയും ചെയ്തിരുന്നു.

# ദേശീയ പാതയിൽ കുറ്റിപ്പുറത്ത് വാഹനങ്ങളുടെ കൂട്ടയിടി



മലപ്പുറം: ദേശീയപാതയിൽ കുറ്റിപ്പുറത്ത് റെയിൽവേ മേൽപ്പാലത്തിന് സമീപം വാഹനങ്ങളുടെ കൂട്ടയിടി. നിയന്ത്രണംവിട്ട ചരക്ക് ലോറിയാണ് അപകടത്തിന് ഇടയാക്കിയത്.

കോഴിക്കോട് ഭാഗത്തുനിന്നും ചരക്കുമായി എറണാംകുളത്തേക്ക് പോവുകയായിരുന്ന ലോറി നിയന്ത്രണം നഷ്ടപ്പെട്ട് മറ്റ് വാഹനങ്ങളിൽ ഇടിക്കുകയായിരുന്നു. ഞായറാഴ്ച്ച വൈകീട്ട് 6.30നാണ് സംഭവം

ചരക്ക് ലോറിയെ കൂടാതെ ആറു കാറുകളും ഒരു ടൂറിസ്റ്റ് ബസുമാണ് അപകടത്തിൽപ്പെട്ടത്. കാറുകളിൽ ഇടിച്ച ലോറി ഡിവൈഡറിൽ ഇടിച്ച് നിൽക്കുകയായിരുന്നു.

ലോറിക്ക് പിന്നിൽ ഏതാനും വാഹനങ്ങളും കൂട്ടിയിടിച്ചു. അപകടത്തിൽ കാർ യാത്രക്കാരിക്ക് നിസാര പരിക്കേറ്റു. അവരെ കുറ്റിപ്പുറത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സ നൽകി.

പേരാമ്പ്ര സ്വദേശിയായ ചരക്ക് ലോറി ഡ്രൈവർ മദ്യപിച്ചതായി ആരോപണമുണ്ട്. ഇയാളെ വൈദ്യ പരിശോധനക്കായി ഡ്രൈവറെ കുറ്റിപ്പുറം പൊലീസ് കസ്റ്റഡിയിലെടുത്തു.

## ഉത്തരേന്ത്യൻ നഗരങ്ങളിലേക്ക് സേവനം വ്യാപിപ്പിച്ച് ആസ്റ്റർ വോളന്റിയേഴ്സ്

# മൊബൈൽ മെഡിക്കൽ ശൃംഖലയിൽ ഇനി 76 യൂണിറ്റുകൾ



കോഴിക്കോട്: ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ ആഗോള സിഎസ്ആർ വിഭാഗമായ ആസ്റ്റർ വോളന്റിയേഴ്സ് ബെംഗളൂരുവിൽ അഞ്ച് പുതിയ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ കൂടി പുറത്തിറക്കി തങ്ങളുടെ സേവന ശൃംഖല വിപുലീകരിച്ചു. ഇതോടെ ആസ്റ്റർ വോളന്റിയേഴ്സിന്റെ ആഗോള മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ എണ്ണം 76-ഉം ഇന്ത്യയിലെ യൂണിറ്റുകളുടെ എണ്ണം 54-ഉം ആയി.

കേപെക്സ് മുഖാന്തരം ആസ്റ്റർ ഡിഎം ഫൗണ്ടേഷൻ വഴിയാണ് ആസ്റ്റർ വോളന്റിയേഴ്സ് ഇതിനാവശ്യമായ ധനസഹായം ലഭ്യമാക്കിയത്. തണൽ-ദയ റിഹാബിലിറ്റേഷൻ ട്രസ്റ്റ്, മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ചാരിറ്റബിൾ ട്രസ്റ്റ് എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതി, സാമൂഹിക ബന്ധം ശക്തമാക്കുകയും ആരോഗ്യ സേവന രംഗത്ത് ദീർഘകാല അടിസ്ഥാനത്തിൽ സുസ്ഥിരത ഉറപ്പാക്കുകയും ചെയ്യും. പുതിയ മെഡിക്കൽ യൂണിറ്റുകൾ റാഞ്ചി, കാൺപൂർ, ഭോപ്പാൽ, ജയ്പൂർ, ഭുവനേശ്വർ എന്നിവിടങ്ങളിലെ ചേരിപ്രദേശങ്ങൾ, തെരുവോരങ്ങളിൽ താമസിക്കുന്നവർ, വയോധികർ, ഭവനരഹിതർ എന്നിവരെ കേന്ദ്രീകരിച്ച് പ്രവർത്തിക്കാനാണ് വിന്യസിച്ചിരിക്കുന്നത്. ആസ്റ്റർ വോളന്റിയേഴ്സ് തണലുമായി ചേർന്ന് മുൻപ തന്നെ ചെന്നൈ, ബെംഗളൂരു, മുംബൈ, പട്ന, കൊൽക്കത്ത എന്നിവിടങ്ങളിൽ അഞ്ച് യൂണിറ്റുകൾ വിന്യസിച്ചിരുന്നു.

ബെംഗളൂരുവിൽ നടന്ന ചടങ്ങിൽ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പൻ, ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ അലീഷ മൂപ്പൻ, ദയ റിഹാബിലിറ്റേഷൻ ട്രസ്റ്റ് (തണൽ) ട്രസ്റ്റി അബ്ദുൽ നാസർ, കർണാടക മലബാർ ഗ്രൂപ്പ് റീജിയണൽ ഹെഡ് ഫിൽസർ ബാബു എന്നിവർ ചേർന്ന് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഫ്ലാഗ് ഓഫ് ചെയ്തു.

ഏറ്റവും ആവശ്യമുള്ള വിഭാഗങ്ങളിലേക്ക് ഗുണനിലവാരമുള്ള ചികിത്സ എത്തുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള ഞങ്ങളുടെ തുടർച്ചയായ പരിശ്രമത്തിന്റെ പ്രതിഫലമാണ് ഈ പുതിയ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എന്ന് ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. വൈദ്യസഹായം നേരിട്ട് ജനങ്ങളിലേക്ക് എത്തിക്കുന്നതിലൂടെ രോഗപ്രതിരോധ പരിശോധനകൾ, പ്രാരംഭഘട്ടത്തിലുള്ള രോഗനിർണ്ണയം, കൃത്യസമയത്തുള്ള ഇടപെടൽ എന്നിവ സാധാരണക്കാർക്ക് ഉറപ്പാക്കി ആരോഗ്യസേവനം കൂടുതൽ ശക്തമാക്കാൻ ഈ പദ്ധതി സഹായിക്കും.

ഇവ വെറുമൊരു സഞ്ചരിക്കുന്ന ക്ലിനിക്കുകളല്ല, മറിച്ച് എല്ലാവർക്കും തുല്യമായ ആരോഗ്യസേവനം ലഭ്യമാക്കുന്നതിനും ചികിത്സാ സൗകര്യങ്ങളിലെ വിടവുകൾ നികത്തുന്നതിനുമുള്ള സുപ്രധാന ചുവടുവെപ്പാണെന്നും അദ്ദേഹം പറഞ്ഞു.

ആസ്റ്റർ വോളന്റിയേഴ്സ്, തണൽ എന്നിവരുമായി സഹകരിക്കുന്നതിൽ ഏറെ അഭിമാനമുണ്ടെന്ന് മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി. അഹമ്മദ് പറഞ്ഞു. അർഹരായ ജനവിഭാഗങ്ങൾക്ക് ചികിത്സ എത്തിക്കുന്നതിൽ ഈ കൂട്ടായ പ്രവർത്തനം വലിയ മാറ്റമുണ്ടാക്കുമെന്നും സേവനരംഗത്തെ ഈ സഹകരണം വരുംകാലങ്ങളിലും തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി.സൗജന്യ കൺസൾട്ടേഷനുകൾ, ജീവിതശൈലീ രോഗങ്ങൾക്കായുള്ള പരിശോധനകൾ, മാതൃ-ശിശു ആരോഗ്യ പരിപാലനം, ആരോഗ്യ ബോധവൽക്കരണം എന്നിവയാണ് പ്രധാന സേവനങ്ങൾ. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ഈ യൂണിറ്റുകൾ അടിയന്തര സാഹചര്യങ്ങളിൽ രോഗികളെ വിദഗ്ധ ചികിത്സയ്ക്കായി ആശുപത്രികളിലേക്ക് റഫർ ചെയ്യാനും സഹായിക്കും.

ലഭ്യമായതും താങ്ങാനാവുന്നതുമായ ആരോഗ്യപരിരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ, ആസ്റ്റർ വോളന്റിയേഴ്സിലൂടെയും മറ്റ് മെഡിക്കൽ ഔട്ട്റീച്ച് പദ്ധതികളിലൂടെയും ആസ്റ്റർ തങ്ങളുടെ സേവനം തുടർന്നു വരികയാണ്. ചികിത്സാ സൗകര്യങ്ങൾ പരിമിതമായ ഇടങ്ങളിലേക്ക് അത്യാധുനികവും അത്യാവശ്യവുമായ മെഡിക്കൽ സേവനങ്ങൾ എത്തിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. കൃത്യസമയത്തുള്ള സഹായം, പ്രതിരോധ ചികിത്സ, സമൂഹത്തെ കേന്ദ്രീകരിച്ചുള്ള മെഡിക്കൽ പിന്തുണ എന്നിവയിലൂടെ ആരോഗ്യമേഖലയിലെ നിലവിലുള്ള വിടവുകൾ നികത്തുന്നതിലാണ് ഇവ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. തുല്യവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ആരോഗ്യപരിരക്ഷ നൽകുക എന്ന ആസ്റ്ററിന്റെ ദീർഘകാല കാഴ്ചപ്പാടിനെ ശക്തിപ്പെടുത്തുന്നതാണ് ഈ പ്രവർത്തനങ്ങൾ.



# ഇടുക്കിയിൽ ജീപ്പ് കൊക്കയിലേക്ക് മറിഞ്ഞ് അപകടം, രണ്ട് മരണം

ഇടുക്കി: ജീപ്പ് കൊക്കയിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ ഇടുക്കി നാരകക്കാനത്ത് രണ്ട് മരണം. എറണാകുളം കൂത്താട്ടുകുളം മണ്ണത്തൂർ സ്വദേശിനി സാറാമ്മയും ആറു മാസം പ്രായമുള്ള കുഞ്ഞുമാണ് മരിച്ചത്. നാരകക്കാനത്ത് വിവാഹ ചടങ്ങിൽ പങ്കെടുക്കാൻ എത്തിയവരുടെ വാഹനമാണ് അപകടത്തിൽപ്പെട്ടത്. 12 പേരോളമാണ് ജീപ്പിൽ ഉണ്ടായിരുന്നത്. പരിക്കേറ്റ മറ്റുള്ളവരിൽ മൂന്നുപേരുടെ നില അതീവ ഗുരുതരമാണ്.

വിവാഹ ചടങ്ങുകൾക്കു ശേഷം നാരകക്കാനത്തിന് സമീപത്തുള്ള വ്യൂ പോയിന്റിൽ പോയ സംഘത്തിന്റെ വാഹനമാണ് അപകടത്തിൽ പ്പെട്ടത്. മടക്കയാത്രയ്ക്കിടെ നിയന്ത്രണം വിട്ട ജീപ്പ് 200 അടിയോളം താഴ്ചയിലേക്ക് മറിയുകയായിരുന്നു. നാട്ടുകാർ ചേർന്ന് ആളുകളെ ഇടുക്കി മെഡിക്കൽ കോളേജിൽ എത്തിച്ചു. ഗുരുതരമായി പരിക്കേറ്റവരെ പാലായിലെ ആശുപത്രിയിലേക്ക് മാറ്റും.

# സ്വർണവില കുറഞ്ഞു; 1,14,000ൽ താഴെ

കൊച്ചി: സംസ്ഥാനത്ത് സ്വർണവില കുറഞ്ഞു. പവന് 360 രൂപയാണ് കുറഞ്ഞത്. 1,13,880 രൂപയാണ് ഒരു പവൻ സ്വർണത്തിന്റെ വില.

ഗ്രാമിന് ആനുപാതികമായി 45 രൂപയാണ് കുറഞ്ഞത്. 14,235 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില.

പശ്ചിമേഷ്യയിൽ സംഘർഷ സ്ഥിതി വീണ്ടും വഷളായി എന്ന് സൂചന നൽകി ഇറാൻ ചരക്കുകപ്പൽ അമേരിക്ക പിടിച്ചെടുത്തത് അടക്കമുള്ള വിഷയങ്ങളാണ് സ്വർണവിലയെ സ്വാധീനിക്കുന്നത്. ഇതിനെ തുടർന്ന് എണ്ണവില വീണ്ടും ഉയർന്നിരിക്കുകയാണ്.

എണ്ണവില ഉയർന്നതോടെ സ്വാഭാവികമായി ആഗോള വിപണിയിൽ സ്വർണവില കുറയുകയായിരുന്നു. ഇതാണ് കേരളത്തിലെ സ്വർണവിൽപ്പനയിൽ പ്രതിഫലിച്ചത്.

# കിരീടപ്പോരാട്ടത്തിൽ വിജയം ഉറപ്പായിട്ടില്ലെന്ന് പെപ് ഗ്വാർഡിയോള; സിറ്റിക്ക് നിർണ്ണായക ദിനങ്ങൾ



ആഴ്സണലിനെതിരായ 2-1ന്റെ ആവേശകരമായ വിജയത്തിന് പിന്നാലെ, പ്രീമിയർ ലീഗ് കിരീടപ്പോരാട്ടത്തിൽ ഈ വിജയം പ്രതീക്ഷകൾക്ക് തിരി കൊളുത്തിയിട്ടുണ്ടെങ്കിലും വിജയം ഉറപ്പായിട്ടില്ലെന്ന് മാഞ്ചസ്റ്റർ സിറ്റി പരിശീലകൻ പെപ് ഗ്വാർഡിയോള മുന്നറിയിപ്പ് നൽകി. നിലവിൽ ഒന്നാം സ്ഥാനത്തുള്ള ആഴ്സണലിനേക്കാൾ മൂന്ന് പോയിന്റ് പിന്നിലാണ് സിറ്റി.

എങ്കിലും ഒരു മത്സരം കുറച്ചാണ് സിറ്റി കളിച്ചിരിക്കുന്നത് എന്നതും, ഈ ആഴ്ച നടക്കാനിരിക്കുന്ന ബേൺലിക്കെതിരായ മത്സരത്തിൽ വിജയിച്ചാൽ പട്ടികയിൽ ഒന്നാമതെത്താം എന്നതും സിറ്റിക്ക് മുൻതൂക്കം നൽകുന്നുണ്ട്. ഏർലിംഗ് ഹാലണ്ടിന്റെ ഗോൾ സിറ്റിക്ക് ജയം സമ്മാനിച്ച മത്സരത്തിൽ ആഴ്സണലിന്റെ രണ്ട് ശ്രമങ്ങൾ പോസ്റ്റിൽ തട്ടിതെറിക്കുകയും കൈ ഹാവർട്സ് ലഭിച്ച അവസരങ്ങൾ പാഴാക്കുകയും ചെയ്തിരുന്നു.

ക്ലബ്ബ് വിട്ടുപോകാനൊരുങ്ങുന്ന ഇതിഹാസ താരം ബെർണാഡോ സിൽവയെ ഗ്വാർഡിയോള പ്രത്യേകം പ്രശംസിച്ചു. കഴിഞ്ഞ ഒൻപത് വർഷമായി ടീമിനായി അദ്ദേഹം നൽകിയ സംഭാവനകൾ സമാനതകളില്ലാത്തതാണെന്നും, വലിയ അക്ഷരങ്ങളിൽ അടയാളപ്പെടുത്തേണ്ട പ്രത്യേകതയുള്ള താരമാണ് സിൽവയെന്നും പെപ് പറഞ്ഞു. സിറ്റിയോട് തോറ്റ ലീഗ് കപ്പ് ഫൈനൽ ഉൾപ്പെടെ തുടർച്ചയായ നാല് ആഭ്യന്തര മത്സരങ്ങളിൽ തോൽവി വഴങ്ങിയ ആഴ്സണലിന് ഈ ഫലങ്ങൾ തിരിച്ചടിയാണ്. പത്ത് വർഷത്തിനിടയിലെ തങ്ങളുടെ ഏഴാം ലീഗ് കിരീടം ലക്ഷ്യമിടുന്ന സിറ്റിക്കാണ് നിലവിൽ കൂടുതൽ സാധ്യത കൽപ്പിക്കപ്പെടുന്നത്.

ബേൺലിക്കെതിരായ മത്സരം ജയിച്ചാലും സീസണിൽ അഞ്ച് മത്സരങ്ങൾ കൂടി ബാക്കിയുണ്ടെന്ന കാര്യം പെപ് ഗ്വാർഡിയോള ഓർമ്മിപ്പിച്ചു. അതിനാൽ തന്നെ കിരീടപ്പോരാട്ടം ഇപ്പോഴും തുറന്ന നിലയിലാണെന്നും ഓരോ ചുവടും ശ്രദ്ധയോടെ വെക്കുക എന്നതാണ് ടീമിന്റെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

ആഴ്സണൽ ആരാധകർക്ക് ഈ തോൽവി നിരാശ നൽകുന്നുണ്ടെങ്കിലും, വരും മത്സരങ്ങളിൽ ആഴ്സണൽ തിരിച്ചുവരുമെന്നും പോരാട്ടം അവസാന നിമിഷം വരെ നീളുമെന്നുമാണ് ഫുട്ബോൾ നിരീക്ഷകർ വിലയിരുത്തുന്നത്.

# കര കയറാൻ മുംബൈ ഇന്ത്യൻസ്, ജയം തുടരാൻ ഗുജറാത്ത്



അഹമ്മദാബാദ്: ഐപിഎല്ലിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് മുംബൈ ഇന്ത്യൻസിനെ നേരിടും. ഗുജറാത്തിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിലാണ് മത്സരം നടക്കുന്നത്.

സീസണിലെ അഞ്ച് മത്സരങ്ങളിൽ നിന്ന് ആറ് പോയിന്റാണ് ടൈറ്റൻസിന്റെ സമ്പാദ്യം. എന്നാൽ കളിച്ച അഞ്ച് മത്സരങ്ങളിൽ 4 എണ്ണത്തിലും തോറ്റ് പോയിന്റ് പട്ടികയിൽ അവസാന സ്ഥാനത്താണ് മുംബൈ ഇന്ത്യൻസ്.

മുംബൈ ടീമിൽ അടിമുടി പ്രശ്നങ്ങളാണ്. ബാറ്റിങ് നിരയ്ക്ക് ഇത് വരെ സ്ഥിരതയാർന്ന പ്രകടനം കാഴ്ച്ചവെക്കാൻ കഴിഞ്ഞിട്ടില്ല. ചില മത്സരങ്ങളിൽ മാത്രമാണ് സൂര്യകുമാർ യാദവ് തിളങ്ങുന്നത്. തിലക് വർമ്മയ്ക്ക് ഇതുവരെ ഫോം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ക്യാപ്റ്റൻ ഹർദിക് പാണ്ഡ്യയിൽ വലിയ പ്രതീക്ഷയാണ് ആരാധകർക്ക് ഉണ്ടായിരുന്നത്. പക്ഷെ, താരത്തിനും ഇതുവരെ വേണ്ടത്ര ശോഭിക്കാൻ കഴിഞ്ഞിട്ടില്ല. പവർപ്ലേയിൽ ബാറ്റിങ്ങിലും ബൗളിങ്ങിലും ആധിപത്യം സ്ഥാപിക്കാനാകാത്തതും ടീമിന് വലിയ തിരിച്ചടിയാണ്.

ജസ്പ്രീത് ബുംറ മികച്ച രീതിയിൽ പന്തെറിയുന്നുണ്ടെങ്കിലും വിക്കറ്റ് നേടാനായിട്ടില്ല. ശാർദുൽ ഠാക്കൂർ, ദീപക് ചാഹർ എന്നിവർക്കും ബൗളിങ്ങിൽ പരാജയമായി മാറുന്നത് ബുംറയുടെ സമ്മർദ്ദം വർധിപ്പിക്കുന്നുണ്ട്. പരിക്കേറ്റ് പുറത്തായ രോഹിത് ശർമയ്ക്ക് ഫിറ്റ്നസ് വീണ്ടെക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് സൂചന.

മറുവശത്ത്, ഗുജറാത്ത് ടൈറ്റൻസ് പൂർണ ആത്മവിശ്വാസത്തിലാണ്. അവസാന മൂന്ന് മത്സരങ്ങളും ജയിച്ചാണ് ഗുജറാത്ത് മുംബൈയെ നേരിടാൻ എത്തുന്നത്. ജോസ് ബട്‌ലർ, ശുഭ്മാൻ ഗിൽ, സായി സുദർശൻ എന്നിവരടങ്ങിയ ടോപ്പ് ഓർഡർ മികച്ച പ്രകടനമാണ് കാഴ്ചവെക്കുന്നത്. മധ്യനിരയിലും ബൗളിങ്ങിലും ചില പ്രശ്നങ്ങൾ ഉണ്ടെങ്കിലും അത് മറികടക്കാൻ വ്യക്തിഗത പ്രകടനത്തിലൂടെ ടീമിന് കഴിയുന്നുണ്ട്.

# സിറ്റിക്ക് ആവേശജയം



മാഞ്ചസ്റ്റർ സിറ്റിയും ആഴ്സണലും തമ്മിൽ ഞായറാഴ്ച നടന്ന നിർണ്ണായക പോരാട്ടത്തിൽ സിറ്റിക്ക് 2-1ന്റെ ആവേശകരമായ വിജയം. ഇതോടെ ഇംഗ്ലീഷ് പ്രീമിയർ ലീഗ് കിരീടപ്പോരാട്ടം പുതിയ തലത്തിലേക്ക് മാറിയിരിക്കുകയാണ്. മത്സരത്തിന്റെ 65-ാം മിനിറ്റിൽ ഏർലിംഗ് ഹാലണ്ട് നേടിയ ഗോളാണ് സിറ്റിയുടെ വിജയം ഉറപ്പിച്ചത്. റായൻ ചെർക്കിയിലൂടെ സിറ്റിയാണ് ആദ്യം മുന്നിലെത്തിയതെങ്കിലും, ഗോൾകീപ്പർ ജിയാൻലൂജി ഡൊന്നരുമ്മയുടെ പിഴവ് മുതലെടുത്ത് കൈ ഹാവർട്സ് ആഴ്സണലിനായി സമനില പിടിച്ചിരുന്നു. ഈ വിജയത്തോടെ പോയിന്റ് പട്ടികയിൽ ആധിപത്യം ഉറപ്പിക്കാൻ സിറ്റിക്ക് സാധിച്ചു. വരാനിരിക്കുന്ന ബേൺലിക്കെതിരായ മത്സരത്തിൽ കൂടി വിജയിച്ചാൽ സിറ്റിക്ക് പട്ടികയിൽ ഒന്നാമതെത്താം.

നീണ്ട മാസങ്ങളായി ലീഗിൽ ഒന്നാമതായിരുന്ന ആഴ്സണലിന് ഈ തോൽവി വലിയ തിരിച്ചടിയാണ് നൽകിയിരിക്കുന്നത്. കഴിഞ്ഞ മൂന്ന് സീസണുകളിലും രണ്ടാം സ്ഥാനത്ത് ഫിനിഷ് ചെയ്യേണ്ടി വന്ന അവർക്ക്, ഈ സീസണിലും അത് ആവർത്തിക്കുമോ എന്ന ആശങ്കയാണിപ്പോൾ. 22 വർഷത്തെ കിരീടവരൾച്ച അവസാനിപ്പിക്കാൻ ഇറങ്ങിയ മിക്കൽ ആർട്ടേറ്റയുടെ ടീം ഏറ്റവും നിർണ്ണായക ഘട്ടത്തിലാണ് പതറുന്നത്.

മത്സരത്തിന്റെ അവസാന നിമിഷങ്ങളിൽ ലഭിച്ച സുവർണ്ണാവസരം ഹാവർട്സ് പാഴാക്കിയതും അവർക്ക് തിരിച്ചടിയായി. അതേസമയം, മറ്റ് മത്സരങ്ങളിൽ ലിവർപൂളും ആസ്റ്റൺ വില്ലയും നേടിയ വിജയങ്ങൾ ചാമ്പ്യൻസ് ലീഗ് യോഗ്യതയ്ക്കായുള്ള പോരാട്ടവും കടുപ്പിച്ചിട്ടുണ്ട്



# ലഖ്നൗവിനെ തകർത്തെറിഞ്ഞ് പഞ്ചാബ് കിങ്സ്

ചണ്ഡീഗഢ്: ഐപിഎല്ലിൽ പഞ്ചാബ് കിങ്സ് വിജയക്കുതിപ്പ് തുടരുന്നു. ഇന്നത്തെ രണ്ടാം പോരാട്ടത്തിൽ പഞ്ചാബ് 54 റൺസിന്റെ തകർപ്പൻ ജയം സ്വന്തമാക്കി. ലഖ്നൗ സൂപ്പർ ജയന്റ്സിനെയാണ് അവർ വീഴ്ത്തിയത്. ആദ്യം ബാറ്റ് ചെയ്ത് പഞ്ചാബ് നിശ്ചിത ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 254 റൺസെന്ന ഈ സീസണിലെ ഏറ്റവും ഉയർന്ന ടോട്ടൽ ഉയർത്തി. ലഖ്നൗവിന്റെ പോരാട്ടം 20 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 200 റൺസിൽ അവസാനിച്ചു.

കൂറ്റൻ ലക്ഷ്യത്തിലേക്ക് ബാറ്റെടുത്ത ലഖ്നൗവിനായി മിച്ചൽ മാർഷ് (40), ആയുഷ് ബദോനി (35), ക്യാപ്റ്റൻ ഋഷഭ് പന്ത് (43), എയ്ഡൻ മാർക്രം (42), മുകുൾ ചൗധരി (പുറത്താകാതെ 21) എന്നിവർ പൊരുതി നോക്കിയെങ്കിലും ലക്ഷ്യം അകലെയായി.

പഞ്ചാബിനായി മാർക്കോ യാൻസൻ രണ്ട് വിക്കറ്റെടുത്തു. അർഷ്ദീപ് സിങ്, വിജയ്കുമാർ വൈശാഖ്, യുസ്‌വേന്ദ്ര ചഹൽ എന്നിവർ ഓരോ വിക്കറ്റെടുത്തു.

ടോസ് നേടി ലഖ്നൗ ബൗളിങ് തിരഞ്ഞെടുക്കുകയായിരുന്നു. ബാറ്റിങ്ങിനിറങ്ങിയ പഞ്ചാബ് ലഖ്നൗ ബൗളിങ്ങിനെ പഞ്ഞിക്കിട്ടു. പഞ്ചാബ് താരങ്ങളെല്ലാം ചേർന്ന് അടിച്ചത് 21 സിക്സുകൾ.ഓപ്പണർ പ്രഭ്സിമ്രാൻ സിങിനെ തുടക്കത്തിൽ തന്നെ പഞ്ചാബിനു നഷ്ടമായെങ്കിലും പിന്നീട് ക്രീസിൽ ഒന്നിച്ച യുവ താരങ്ങളായ പ്രിയാംശ് ആര്യ- കൂപ്പർ കോണോലി സഖ്യം അതിവേഗം സ്കോർ ഉയർത്തി. ഇരു താരങ്ങളും സെഞ്ചറിക്കരികെയാണ് വീണത്. വെറും 13.5 ഓവറിൽ ഇരുവരും ചേർന്നു ബോർഡിൽ ചേർത്തത് 182 റൺസ്.

പ്രിയാംശ് 37 പന്തിൽ 9 സിക്സും 4 ഫോറും സഹിതം 93 റൺസ് വാരി. കോണോലി 46 പന്തിൽ 7 സിക്സും സഹിതം 87 റൺസ് അടിച്ചെടുത്തു.

പിന്നീടെത്തിയവരും മികച്ച സംഭവാന നൽകിയതോടെയാണ് പഞ്ചാബ് കുതിച്ചത്. മാർക്കസ് സ്റ്റോയിനിസ് 2 വീതം സിക്സും ഫോറും സഹിതം 16 പന്തിൽ 29 റൺസടിച്ചു. നേഹൽ വധേര ഓരോ സിക്സും ഫോറും സഹിതം 7 പന്തിൽ 13 റൺസെടുത്തു. ശശാങ്ക് സിങ് 6 പന്തിൽ 2 സിക്സും ഒരു ഫോറും സഹിതം 17 റൺസും വാരി. ക്യാപ്റ്റൻ ശ്രേയസ് അയ്യർ 5 റൺസുമായി മടങ്ങി.

ലഖ്നൗ നിരയിൽ പ്രിൻസ് യാദവ്, മണിമാരൻ സിദ്ധാർഥ് എന്നിവർ രണ്ട് വീതം വിക്കറ്റെടുത്തു. മുഹമ്മദ് ഷമി, മൊഹ്സിൻ ഖാൻ എന്നിവർ ഓരോ വിക്കറ്റെടുത്തു.

# വിമാന യാത്ര ചെയ്യുമ്പോൾ ഫോൺ 'എയർ പ്ലെയ്ൻ' മോഡിലേക്ക് മാറ്റിയില്ലെങ്കിൽ എന്ത് സംഭവിക്കും?




വിമാനത്തിൽ കയറി സീറ്റ് ബെൽറ്റ് മുറുക്കിക്കഴിഞ്ഞാൽ തൊട്ടടുത്ത നിമിഷം കേൾക്കുന്ന അനൗൺസ്മെന്റാണ് ഫോണുകൾ സ്വിച്ച് ഓഫ് ചെയ്യാനോ ഫോൺ എയർപ്ലേയിൻ മോഡിലാക്കാനോ ഉള്ള നിർദേശം ആയിരിക്കും. ആധുനിക സാങ്കേതികവിദ്യ ഇത്രയധികം വികസിച്ച ഈ കാലഘട്ടത്തിലും ഈ പഴയ നിയമം എന്തിനാണ് ഇപ്പോഴും തുടരുന്നത്? ഈ നിർദേശം അവഗണിച്ചാൽ എന്ത് സംഭവിക്കും? പരിശോധിക്കാം.

**വിമാനം അപകടത്തിൽപ്പെടുമോ?**

ഒരു മൊബൈൽ ഫോൺ ഓണായി ഇരുന്നതുകൊണ്ട് മാത്രം ഒരു വിമാനം അപകടത്തിൽപ്പെടാൻ സാധ്യതയില്ല. ഇന്നത്തെ വിമാനങ്ങൾ ഇലക്ട്രോണിക് ഉപകരണങ്ങളിൽ നിന്നുള്ള തരംഗങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ള അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചാണ് നിർമിച്ചിരിക്കുന്നത്. എങ്കിലും എയർപ്ലേയിൻ മോഡ് വെറുമൊരു അനാവശ്യ നിയമമല്ല. അതിന് പിന്നിൽ വ്യക്തമായ കാരണങ്ങളുണ്ട്.

**എന്താണ് ഈ മോഡ് ചെയ്യുന്നത്?**

എയർപ്ലേയിൻ മോഡ് ഓണാക്കുമ്പോൾ ഫോണിലെ സെല്ലുലാർ റേഡിയോ പ്രവർത്തനരഹിതമാകുന്നു. അതായത്, ഫോണിന് ഭൂമിയിലെ മൊബൈൽ ടവറുകളുമായി ബന്ധപ്പെടാൻ കഴിയില്ല. വിമാനം പറന്നുയർന്ന് കഴിഞ്ഞാൽ ഫോൺ അടുത്തുള്ള ടവറുകൾ തിരഞ്ഞുകൊണ്ടിരിക്കും. ഇത് ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു.

അപൂർവമായിട്ടാണെങ്കിലും, മൊബൈൽ സിഗ്നലുകൾ വിമാനത്തിന്റെ കോക്ക്പിറ്റിലെ റേഡിയോ ആശയവിനിമയത്തിൽ ചെറിയ ശബ്ദ തടസ്സങ്ങൾ ഉണ്ടാക്കാറുണ്ട്. സ്പീക്കറിന് അടുത്ത് മൊബൈൽ ഫോൺ വയ്ക്കുമ്പോൾ കേൾക്കുന്ന എന്ന ശബ്ദത്തിന് സമാനമായ ഒന്ന് പൈലറ്റിന്റെ ഹെഡ്സെറ്റിൽ കേൾക്കുന്നത് വിമാനത്തിന്റെ സുഗമമായ നിയന്ത്രണത്തിന് തടസ്സമായേക്കാം.

ടവറുകൾ ലഭ്യമല്ലാത്തതിനാൽ ഒരു സിഗ്നൽ കിട്ടാനായി ഫോൺ ശ്രമിച്ച് കൊണ്ടേയിരിക്കും. ഇത് ഫോണിന്റെ ബാറ്ററി കുറയ്ക്കുന്നു. ലാൻഡ് ചെയ്യുമ്പോഴേക്കും ഫോൺ ചാർജ് തീർന്ന് ഓഫ് ആകാൻ ഇത് കാരണമാകും. കൂടാതെ, അതിവേഗത്തിൽ പറക്കുന്ന വിമാനത്തിലിരുന്ന് ഫോൺ ഉപയോഗിക്കുമ്പോൾ അത് ഭൂമിയിലെ ഒന്നിലധികം സെൽ ടവറുകളിലേക്ക് ഒരേസമയം കണക്ട് ചെയ്യാൻ ശ്രമിക്കുന്നത് ഗ്രൗണ്ട് നെറ്റ്‌വർക്കുകളിൽ തടസ്സമുണ്ടാക്കാൻ സാധ്യതയുണ്ട്.


നിയമം എന്തിന് തുടരുന്നു?വിമാനയാത്രയിൽ ഏറ്റവും നിർണായകമായ ഘട്ടങ്ങളാണ് ടേക്ക് ഓഫ്, ലാൻഡിങ് എന്നിവ. ഈ സമയത്ത് യാത്രക്കാരുടെ ശ്രദ്ധ കാബിൻ ക്രൂ നൽകുന്ന സുരക്ഷാ നിർദേശങ്ങളിലായിരിക്കണം.

റേഡിയോ തരംഗങ്ങൾ കുറയ്ക്കുന്നതിലൂടെ പൈലറ്റുമാർക്ക് എയർ ട്രാഫിക് കൺട്രോളറുമായി തടസ്സമില്ലാതെ സംസാരിക്കാൻ സാധിക്കുന്നു. ഒരു ചെറിയ അശ്രദ്ധ പോലും ഒഴിവാക്കുക എന്നതാണ് ഏവിയേഷൻ അതോറിറ്റികളുടെ ലക്ഷ്യം.

എയർപ്ലേയിൻ മോഡ് ഓണാക്കിയാലും നിങ്ങൾക്ക് വിമാനത്തിലിരുന്ന് ഫോണിലെ ചില സേവനങ്ങൾ ഉപയോഗിക്കാം. പല വിമാനക്കമ്പനികളും ഇപ്പോൾ ഇൻ-ഫ്ലൈറ്റ് വൈ-ഫൈ നൽകുന്നുണ്ട്. എയർപ്ലേയിൻ മോഡിലിട്ട് വൈ-ഫൈ മാത്രം ഓണാക്കി നിങ്ങൾക്ക് ഇന്റർനെറ്റ് ഉപയോഗിക്കാം.

വയർലെസ് ഹെഡ്ഫോണുകൾ ഉപയോഗിക്കാൻ ബ്ലൂടൂത്ത് അനുവദനീയമാണ്. മുൻകൂട്ടി ഡൗൺലോഡ് ചെയ്ത സിനിമകൾ, പാട്ടുകൾ, ഗെയിമുകൾ എന്നിവ ആസ്വദിക്കാം.

# യുഎഇ ക്രിക്കറ്റിൽ പുതിയ ചരിത്രം; അഞ്ച് താരങ്ങൾക്ക് പൗരത്വം നൽകി രാജ്യം



യുഎഇ ക്രിക്കറ്റ് ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായി അഞ്ച് പ്രമുഖ ക്രിക്കറ്റ് താരങ്ങൾക്ക് രാജ്യം പൗരത്വം അനുവദിച്ചു. ഖുസൈമ തൻവീർ, അജയ് കുമാർ, അക്ഷദീപ് നാഥ്, ഹർപ്രീത് ഭാട്ടിയ, അദീബ് ഉസ്മാനി എന്നിവർക്കാണ് പൗരത്വം നൽകിയത്. ഇതോടെ യുഎഇയുടെ ചരിത്രത്തിൽ പൗരത്വം ലഭിക്കുന്ന ആദ്യ ക്രിക്കറ്റ് താരങ്ങളായി ഇവർ മാറി.

നിലവിൽ നേപ്പാൾ പര്യടനത്തിനുള്ള 17 അംഗ യുഎഇ ടീമിന്റെ ഭാഗമാണ് ഈ താരങ്ങൾ. രണ്ട് ടന്റി20 മത്സരങ്ങളും ഏകദിന പരമ്പരയുമാണ് നേപ്പാളിൽ നടക്കുന്നത്. പൗരത്വം ലഭിച്ചതോടെ വിദേശ താമസക്കാർ എന്ന നിലയിലല്ലാതെ രാജ്യത്തെ ഔദ്യോഗിക പൗരന്മാരായി തന്നെ ഇവർക്ക് ഇനി യുഎഇയെ പ്രതിനിധീകരിക്കാൻ സാധിക്കും.

സാധാരണയായി വിദേശ രാജ്യങ്ങളിൽ നിന്നെത്തി മൂന്ന് വർഷത്തെ താമസം പൂർത്തിയാക്കുന്നവർക്ക് ഐസിസി നിയമപ്രകാരം യുഎഇ ടീമിൽ കളിക്കാൻ അനുമതി നൽകാറാണ് പതിവ്. എന്നാൽ ഫുട്ബോൾ, റഗ്ബി തുടങ്ങിയ കായിക ഇനങ്ങളിൽ 2018-ലെ പ്രസിഡൻഷ്യൽ ഉത്തരവ് പ്രകാരം വിദേശ താരങ്ങൾക്ക് പൗരത്വം നൽകാറുണ്ടെങ്കിലും ക്രിക്കറ്റിൽ ഇത് ആദ്യമായാണ് സംഭവിക്കുന്നത്. രാജ്യത്തെ ക്രിക്കറ്റ് മേഖലയിൽ ദീർഘകാലമായി തുടരുന്ന മികച്ച താരങ്ങളെ ദേശീയ ടീമിനൊപ്പം ചേർത്തുനിർത്താനുള്ള എമിറേറ്റ്സ് ക്രിക്കറ്റ് ബോർഡിന്റെ തീരുമാനമായാണ് ഇത് വിലയിരുത്തപ്പെടുന്നത്.

ഐഎൽടി20, അബുദാബി ടി10 തുടങ്ങിയ ആഭ്യന്തര ലീഗുകളിലെ മികച്ച പ്രകടനമാണ് ഇവർക്ക് തുണയായത്.

# നിതിൻ രാജിന്റെ മരണം: ഡോ. റാം ആന്ധ്രയിലെന്ന് സൂചന

കണ്ണൂർ: അഞ്ചരക്കണ്ടി ഡെന്റൽ കോളജിലെ വിദ്യാർത്ഥി നിതിൻ രാജിന്റെ മരണത്തിൽ, ആത്മഹത്യാപ്രേരണാക്കുറ്റം ചുമത്തി പൊലീസ് കേസെടുത്തതിനെത്തുടർന്ന് ഒളിവിൽ പോയ അധ്യാപകർ കേരളം വിട്ടെന്ന് പൊലീസ്. അധ്യാപകനും ഓറൽ പതോളജി ആന്റ് മൈക്രോബയോളജി വിഭാഗം മേധാവിയായിരുന്ന ഡോ. എം കെ റാം ആന്ധ്രയിലാണെന്ന് പൊലീസിന് വിവരം ലഭിച്ചതായി റിപ്പോർട്ടുകൾ. പ്രതി ചേർക്കപ്പെട്ട അധ്യാപിക ഡോ. സംഗീത നമ്പ്യാറും കേരളത്തിൽ ഇല്ലെന്ന് പൊലീസ് കണ്ടെത്തി.

നിതിന്റെ മരണത്തെത്തുടർന്ന് സസ്പെൻഷനിൽ ആയിരുന്ന ഡോ. റാമിനെ 16 ന് കോളജിൽ നിന്ന് പുറത്താക്കിയിരുന്നു. ആന്ധ്ര സ്വദേശിയാണ് ഇയാൾ. ഈ മാസം 10 ന് ഉച്ചയ്ക്കാണ് നിതിൻ രാജ് കോളജ് കെട്ടിടത്തിൽ നിന്നും ചാടി മരിച്ചത്. ഈ മാസം 12 നാണ് പ്രത്യേക അന്വേഷണ സംഘം അധ്യാപകരായ ഡോ. റാമിനും ഡോ. സംഗീതയ്ക്കുമെതിരെ കേസെടുത്തത്. ആത്മഹത്യാപ്രേരണ, ജാതീയ അധിക്ഷേപം തുടങ്ങിയ കുറ്റങ്ങളും ചുമത്തിയിട്ടുണ്ട്. നിതിൽ മരിച്ച് 10 ദിവസമായിട്ടും പ്രതികളെ പിടികൂടാൻ പൊലീസിന് സാധിച്ചിട്ടില്ല.

ലോൺ ആപ്പ് കാരണമാണ് നിതിൻ രാജ് മരിച്ചതെന്ന് വരുത്തിതീർക്കാനാണ് പൊലീസ് ശ്രമിക്കുന്നതെന്ന് വീട്ടുകാർ ആരോപിക്കുന്നു. കേസെടുത്തതിന് പിന്നാലെ അധ്യാപകരായ ഡോ. റാം, ഡോ. സംഗീത എന്നിവർ മുൻകൂർ ജാമ്യഹർജി നൽകിയിരുന്നു. കണ്ണൂർ ജില്ലാ സെഷൻസ് കോടതി അധ്യാപകരുടെ മുൻകൂർ ജാമ്യഹർജികൾ ഈ മാസം 22 ന് പരിഗണിക്കുന്നുണ്ട്. നിതിൻ രാജിനെ ഭീഷണിപ്പെടുത്തിയ ലോൺ ആപ്പിലെ മൂന്നു ജീവനക്കാരെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. ഇവരുടെ കസ്റ്റഡി അപേക്ഷ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ഇന്നു പരിഗണിക്കും.

# നാട്ടുകാർക്ക് തീരാനോവായി ആൽജോ

തൃശൂർ: വീടിനുള്ളിൽ ഉറങ്ങുന്നതിനിടെ തലയണയ്ക്കടിയിൽ കിടന്നിരുന്ന പാമ്പിന്റെ കടിയേറ്റ് എട്ടു വയസുകാരൻ മരിച്ചത് തീരാനോവായിരിക്കുകയാണ് കോടാലിയിലെ നാട്ടുകാർക്ക്. വീടിനുള്ളിൽവെച്ച് അച്ഛൻ സിൽജോയ്ക്കും അമ്മ ജോൺസിക്കുമൊപ്പം കിടന്നുറങ്ങിയ ആൽജോയെ പാമ്പു കടിച്ചതിന്റെ ഞെട്ടലിലാണ് ഇവരെല്ലാം. ആൽജോയ്ക്കൊപ്പം ഉറങ്ങിയിരുന്ന സഹോദരനും പാമ്പ് കടിയേറ്റിരുന്നു. സഹോദരൻ ആശുപത്രിയിൽ ചികിത്സയിലാണ്.

കുടുംബം താമസിച്ചിരുന്ന വീടിനുപിറകിൽ കോടശ്ശേരി മലയാണ്. ഏതാണ്ട് 200-250 മീറ്റർ ദൂരമേ വീടും മലയും തമ്മിലുള്ളൂ. മലയോര ഗ്രാമമായതിനാൽ ഇവിടത്തെ പല വീട്ടിലും പരിസരങ്ങളിലും പാമ്പുകളെ കാണുന്നത് പതിവാണെന്ന് നാട്ടുകാർ പറയുന്നു. ഇവരുടെ വീടിന്റെ പരിസരമെല്ലാം വൃത്തിയായി ചെത്തിമിനുക്കിയാണിട്ടിരിക്കുന്നത്. അടച്ചുറപ്പുള്ള വീട് രണ്ടുവർഷംമുൻപ് നിർമിച്ചതാണ്.

ആൽജോയുടെ മൃതദേഹം പോസ്റ്റ് മോർട്ടത്തിനായി മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് കൊണ്ടുപോയി. ശനിയാഴ്ച രാത്രി കുട്ടികൾ രണ്ടുപേരും അച്ഛനമ്മമാരോടൊപ്പം വീട്ടിലെ ഹാളിൽ നിലത്താണ് ഉറങ്ങാൻ കിടന്നത്. പുലർച്ചെ രണ്ടുമണിയോടെയാണ് രണ്ടുപേരും ഉണർന്ന് വയറുവേദനിക്കുന്നതായി പറഞ്ഞത്.തലേന്ന് ബന്ധുവിന്റെ പൗരോഹിത്യ ജൂബിലിക്ക് പോയി രാത്രി ഒൻപതോടെയാണ് കുടുംബം വീട്ടിലെത്തിയത്. തുടർന്ന് ജ്യൂസുണ്ടാക്കി കഴിച്ചിരുന്നു. ദഹനപ്രശ്നമാണെന്ന് കരുതി ചൂടുവെള്ളവും ഇഞ്ചിനീരും നൽകി. തുടർന്ന് കുട്ടികൾ അമ്മയോടൊപ്പം കിടപ്പുമുറിയിൽ പോയിക്കിടന്നു.അഞ്ചരയോടെ അനോഷ് അമ്മയെ വിളിച്ചുണർത്തി. കുട്ടികൾ രണ്ടുപേരെയും അവശനിലയിൽ കണ്ടതോടെ അച്ഛനമ്മമാർ ചേർന്ന് ബൈക്കിൽ കോടാലി വരെയെത്തിച്ചു. അവിടെനിന്ന് ആംബുലൻസിൽ 6.30-ഓടെ ആശുപത്രിയിലെത്തിച്ചെങ്കിലും ആൽജോ മരിച്ചതായി സ്ഥിരീകരിച്ചു. വിദഗ്ധ ചികിത്സയ്ക്കായി അനോഷിനെ കറുകുറ്റിയിലെ ആശുപത്രിയിലേക്കുമാറ്റി.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Sreenarayana mission mandiram, kannur Road, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.